# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉദയനാപുരം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ ടി എം പി.6/766/21
30.06.2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 30/06/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉദയനാപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ കെ ടി എം പി.6/766/21 തീയ്യതി: 30/06/2021
30.06.2021

## കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2019 മുതൽ 31-12-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.എൻ.രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ | 18-06-2021 | 28-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-06-2021 | 28-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുമേഷ് പി.വി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.യോഗേഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ആൽബിൻ സിറിയക്, ഓഡിറ്റർ

ശ്രീ.ജോഷി തോമസ്, ഓഡിറ്റർ
ശ്രീമതി ബീനാകുമാരി റ്റി.വി, ഓഡിറ്റർ (22.06.2021 മുതൽ)

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.എസ്.മോഹൻ | പ്രസിഡന്റ് | 01-04-2019 | 16-07-2019 |
| ശ്രീ.സുനിൽകുമാർ ഡി. | പ്രസിഡന്റ് | 17-07-2019 | 31-03-2020 |
| ശ്രീ.ഹരി ജി.എസ്. | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സീന വി.എം. | കൃഷി ഓഫീസർ | 01-04-2019 | 17-06-2019 |
| ശ്രീമതി അശ്വനി | കൃഷി ഓഫീസർ (ഇൻ-ചാർജ്ജ്) | 18-06-2019 | 26-08-2019 |
| ശ്രീമതി റേച്ചൽ സോഫിയ അലക്സാണ്ടർ | കൃഷി ഓഫീസർ (ഇൻ-ചാർജ്ജ്) | 27-08-2019 | 25-09-2019 |
| ശ്രീമതി നീതു രാജശേഖരൻ | കൃഷി ഓഫീസർ | 26-09-2019 | 31-03-2020 |
| ശ്രീമതി മിനി ജോസഫ് | വെറ്റിനറി സർജൻ | 01-04-2019 | 21-08-2019 |
| ശ്രീ.ശരത് കൃഷ്ണൻ | വെറ്റിനറി സർജൻ | 22-08-2019 | 31-03-2020 |
| ഡോ.പി.വി.ജോസഫ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2019 | 02-06-2019 |
| ഡോ.ജയലാൽ എൻ.ജി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 03-06-2019 | 07-10-2019 |
| ഡോ.പി.വി.ജോസഫ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 08-10-2019 | 14-11-2019 |
| ഡോ.ജയലാൽ എൻ.ജി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 15-11-2019 | 31-03-2020 |
| ഡോ.മഞ്ജു കെ.സേവ്യർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 06-07-2019 |

| | | | |
|---|---|---|---|
| ഡോ.ജൂബി ഫ്രാൻസിസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ.) | 07-07-2019 | 31-03-2020 |
| ശ്രീമതി ശ്രീമോൾ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2019 | 02-05-2019 |
| ശ്രീമതി സുചിത്ര | ഐസിഡിഎസ് സൂപ്പർവൈസർ(ഇൻ-ചാർജ്ജ്) | 03-05-2019 | 31-03-2020 |
| ശ്രീ.പ്രിൻഷാദ് പി.വൈ. | വി.ഇ.ഒ. | 01-04-2019 | 31-03-2020 |
| ശ്രീ.ബൈജു വി.വി. | വി.ഇ.ഒ. | 01-04-2019 | 31-03-2020 |
| ശ്രീമതി മറ്റം മെറിറ്റ് കുര്യൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2019 | 31-03-2020 |
| ശ്രീ.പ്രദീപ് എൻ. | അസി.സെക്രട്ടറി | 01-04-2019 | 22-12-2019 |
| ശ്രീ.മനു കെ.കെ. | അസി.സെക്രട്ടറി | 23-12-2019 | 02-01-2020 |
| ശ്രീമതി ഗായത്രി എസ്.വി. | അസി.സെക്രട്ടറി | 03-01-2020 | 31-03-2020 |
| ശ്രീ.മനോജ് കുമാർ എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി മിനിമോൾ വർഗ്ഗീസ് | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീമതി സെറിൻ വിജി | അസി.എഞ്ചിനീയർ | 01-04-2019 | 19-12-2019 |
| ശ്രീ.അനിൽകുമാർ ആർ | അസി.എഞ്ചിനീയർ (ഇൻ-ചാർജ്ജ്) | 20-12-2019 | 01-01-2020 |
| ശ്രീമതി സെറിൻ വിജി | അസി.എഞ്ചിനീയർ | 02-01-2020 | 23-01-2020 |
| ശ്രീ.അനിൽകുമാർ ആർ | അസി.എഞ്ചിനീയർ (ഇൻ-ചാർജ്ജ്) | 24-01-2020 | 25-01-2020 |
| ശ്രീമതി സെറിൻ വിജി | അസി.എഞ്ചിനീയർ | 26-01-2020 | 31-03-2020 |
| ഡോ.ധന്യരവി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sumesh P V (Asst. Audit Officer, On 24-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-1 |
| 2 | വാർഷികധനകാര്യ പത്രിക<br>Written By: Yogesh R (Senior Grade Auditor, On 25-06-2021)<br>Last Updated By: Yogesh R (Senior Grade Auditor, On 28-06-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Yogesh R (Senior Grade Auditor, On 28-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Yogesh R (Senior Grade Auditor, On 25-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Sumesh P V (Asst. Audit Officer, On 28-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-5 |
| 6 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി<br>Written By: Joshy Thomas (Auditor, On 24-06-2021)<br>Last Updated By: Joshy Thomas (Auditor, On 28-06-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Beenakumari T V (Auditor, On 25-06-2021)<br>Last Updated By: Beenakumari T V (Auditor, On 25-06-2021) | 1-7 |
| 8 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Sumesh P V (Asst. Audit Officer, On 28-06-2021)<br>Last Updated By: Sumesh P V (Asst. Audit Officer, On 28-06-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം.<br>Written By: Sumesh P V (Asst. Audit Officer, On 28-06-2021)<br>Last Updated By: Sumesh P V (Asst. Audit Officer, On 28-06-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: Sumesh P V (Asst. Audit Officer, On 28-06-2021)<br>Last Updated By: Joshy Thomas (Auditor, On 28-06-2021) | 1-10 |
| 11 | രസീതുകളുടെ പരിശോധന സംബന്ധിച്ച അപാകതകൾ<br>Written By: Joshy Thomas (Auditor, On 27-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-11 |
| 12 | തൊഴിൽ നികുതി അടവാക്കാത്തത് സംബന്ധിച്ച്<br>Written By: Joshy Thomas (Auditor, On 25-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-12 |
| 13 | ലൈസൻസെടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച്<br>Written By: Joshy Thomas (Auditor, On 25-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-13 |
| 14 | വസ്തു നികുതി ഒഴിവാക്കിയത് സംബന്ധിച്ച്<br>Written By: Joshy Thomas (Auditor, On 27-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-14 |
| 15 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയത് സംബന്ധിച്ച്<br>Written By: Joshy Thomas (Auditor, On 27-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-15 |
| 16 | വാടക അടവാക്കിയില്ല<br>Written By: Joshy Thomas (Auditor, On 28-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-16 |
| 17 | വിവിധ ലേലങ്ങൾ- തുക മുതൽകൂട്ടിയതിന്റെ | 1-17 |

| | | |
|---|---|---|
| | വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Joshy Thomas (Auditor, On 28-06-2021)<br>Last Updated By: Sumesh P V (Asst. Audit Officer, On 28-06-2021) | |
| 18 | നേരേകടവ് - മാക്കേക്കടവ് ലേലം - തുക ലഭ്യമക്കിയിട്ടില്ല<br>Written By: Sumesh P V (Asst. Audit Officer, On 28-06-2021)<br>Last Updated By: Sumesh P V (Asst. Audit Officer, On 28-06-2021) | 1-18 |
| 19 | ഇ ടെണ്ടർ-ടെണ്ടർ ഫോറത്തിന്റെ വില ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല.<br>Written By: Sumesh P V (Asst. Audit Officer, On 28-06-2021)<br>Last Updated By: Joshy Thomas (Auditor, On 28-06-2021) | 1-19 |
| 20 | വക്കീൽ ഫീസ് നൽകിയതിൽ അപാകതകൾ<br>Written By: Yogesh R (Senior Grade Auditor, On 28-06-2021)<br>Last Updated By: Joshy Thomas (Auditor, On 28-06-2021) | 1-20 |
| 21 | ഫെസ്ററിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുക തിരികെ ലഭ്യമായില്ല<br>Written By: Yogesh R (Senior Grade Auditor, On 28-06-2021)<br>Last Updated By: Joshy Thomas (Auditor, On 28-06-2021) | 1-21 |
| 22 | വിവിധ ക്ഷേമപെൻഷനുകൾ--അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം<br>Written By: Beenakumari T V (Auditor, On 25-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-22 |
| 23 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച വിവിധ പ്രോജക്ടുകളിലെ അപാകതകൾ<br>Written By: Sumesh P V (Asst. Audit Officer, On 28-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-23 |
| 24 | സെക്രട്ടറി നിർവ്വഹിച്ച വിവിധ പ്രോജക്ടകളിലെ അപാകതകൾ<br>Written By: Sumesh P V (Asst. Audit Officer, On 28-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-24 |
| 25 | ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ.<br>Written By: Sumesh P V (Asst. Audit Officer, On 28-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-25 |
| 26 | കിരണം 2019 സ്കോളർഷിപ്പ് (കുട്ടികൾ) പ്രോജക്ട്-അപാകതകൾ<br>Written By: Yogesh R (Senior Grade Auditor, On 28-06-2021)<br>Last Updated By: Joshy Thomas (Auditor, On 28-06-2021) | 1-26 |
| 27 | ഗ്ലൂക്കോ മീറ്ററുകൾ ലഭ്യമായിട്ടില്ല.<br>Written By: Albin Cyriac (Auditor, On 28-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-27 |
| 28 | എച്ച്.എം നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - ഫയലുകൾ ഹാജരാക്കിയില്ല<br>Written By: Yogesh R (Senior Grade Auditor, On 28-06-2021)<br>Last Updated By: Joshy Thomas (Auditor, On 28-06-2021) | 1-28 |
| 29 | വിവിധ കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കിയത് സംബന്ധിച്ച്.<br>Written By: Sumesh P V (Asst. Audit Officer, On 28-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-29 |
| 30 | സംഘടനകളുടെ കത്തുകളുടെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകിയിരിക്കുന്നു.<br>Written By: Albin Cyriac (Auditor, On 28-06-2021)<br>Last Updated By: Joshy Thomas (Auditor, On 28-06-2021) | 1-30 |
| 31 | | 1-31 |

| | | |
|---|---|---|
| | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Albin Cyriac (Auditor, On 28-06-2021)<br>Last Updated By: Sumesh P V (Asst. Audit Officer, On 30-06-2021) | |
| **ഭാഗം 2** | | |
| 1 | Written By: Sumesh P V (Asst. Audit Officer, On 30-06-2021)<br>Last Updated By: Sumesh P V (Asst. Audit Officer, On 30-06-2021) | |
| **ഭാഗം 3** | | |
| 1 | വക്കീൽ ഫീസ് നൽകിയതിൽ അപാകതകൾ<br>Written By: Sumesh P V (Asst. Audit Officer, On 30-06-2021)<br>Last Updated By: Sumesh P V (Asst. Audit Officer, On 30-06-2021) | 3-1 |
| 2 | കുന്നും പുറം കോളനിയിൽ പൊതുകിണർ പുനർ നിർമ്മാണം--ഫയൽ അപൂർണ്ണം<br>Written By: Sumesh P V (Asst. Audit Officer, On 30-06-2021)<br>Last Updated By: Sumesh P V (Asst. Audit Officer, On 30-06-2021) | 3-2 |
| 3 | എസ്.റ്റി കുടുംബങ്ങളിൽ സൗര ഗാർഹിക വൈദ്യതി സംവിധാനം- അധികമായി സബ്സിഡി അനുവദിച്ചു.<br>Written By: Sumesh P V (Asst. Audit Officer, On 30-06-2021)<br>Last Updated By: Sumesh P V (Asst. Audit Officer, On 30-06-2021) | 3-3 |
| 4 | സ്ട്രീറ്റ് ലൈറ്റ് വാർഷിക അറ്റകുറ്റപ്പണി - അധികമായി തുക ചെലവഴിച്ചു.<br>Written By: Sumesh P V (Asst. Audit Officer, On 30-06-2021)<br>Last Updated By: Sumesh P V (Asst. Audit Officer, On 30-06-2021) | 3-4 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: Joshy Thomas (Auditor, On 25-06-2021)<br>Last Updated By: Joshy Thomas (Auditor, On 28-06-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Joshy Thomas (Auditor, On 25-06-2021)<br>Last Updated By: Joshy Thomas (Auditor, On 28-06-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Joshy Thomas (Auditor, On 25-06-2021)<br>Last Updated By: Joshy Thomas (Auditor, On 28-06-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ<br>Written By: Joshy Thomas (Auditor, On 25-06-2021)<br>Last Updated By: Joshy Thomas (Auditor, On 28-06-2021) | 4-4 |
| 5 | വായ്പ വായ്പ തിരിച്ചടവ്<br>Written By: Joshy Thomas (Auditor, On 25-06-2021)<br>Last Updated By: Joshy Thomas (Auditor, On 28-06-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Joshy Thomas (Auditor, On 25-06-2021)<br>Last Updated By: Joshy Thomas (Auditor, On 28-06-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Joshy Thomas (Auditor, On 25-06-2021)<br>Last Updated By: Joshy Thomas (Auditor, On 28-06-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Joshy Thomas (Auditor, On 25-06-2021)<br>Last Updated By: Joshy Thomas (Auditor, On 28-06-2021) | 4-8 |

| | | |
|---|---|---|
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം<br>Written By: Joshy Thomas (Auditor, On 25-06-2021)<br>Last Updated By: Joshy Thomas (Auditor, On 28-06-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Joshy Thomas (Auditor, On 25-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Joshy Thomas (Auditor, On 25-06-2021)<br>Last Updated By: Joshy Thomas (Auditor, On 28-06-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2019-2020 വർഷത്തെ ബജറ്റ് 28.2.2020ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും യഥാർഥ വരവ് -ചെലവ് കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 1267292 | 11798828 | 10531536 | |
| വരവ് | 231139894 | 105104086 | | 126035808 |
| ആകെ | 232407186 | 116902914 | | 115504272 |
| ചെലവ് | 213739815 | 100304128 | | 113435687 |
| നീക്കിയിരിപ്പ് | 18667371 | 16598786 | | 2068585 |

ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവ് ചെലവ് കണക്കുകളും യഥാർഥ കണക്കുകളും തമ്മിൽ വലിയ അന്തരം ഉള്ളതായി മേൽ പട്ടിക വ്യക്തമാക്കുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി യാഥാർഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യ പത്രിക

2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഉദയനാപുരം എസ്.സി.ബി അക്കൗണ്ടിന്റെ (നം.59) പൊരുത്തപ്പെടുത്തൽ പത്രിക പ്രകാരമുള്ള 31.03.2020 ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് നീക്കിയിരിപ്പ് 2401734 രൂപയും യഥാർത്ഥ ബാങ്ക് സ്റ്റേറ്റ്മെന്റ് നീക്കിയിരിപ്പ് 2461123.35 രൂപയുമാണ്.
2. 26.7.2011 ലെ G.O(Ms)152/11/LSGD പ്രകാരം ഗ്രാമ പഞ്ചായത്ത് നാളിതുവരെ ആർജിച്ച ആസ്തികൾ കൃത്യമായി മൂല്യനിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.
3. ഭൂമി, വാഹനം എന്നീ ആസ്തികളുടെ മൂല്യം കൃത്യമായി കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
4. ഫെറി ചാർജ്ജ് ഇനത്തിൽ 2019-20 ലെ രജിസ്റ്റർ പ്രകാരമുള്ള യഥാർത്ഥ ഡിമാന്റ് തുക 215000 രൂപയും വരവ് 135250 രൂപയുമാണ്. എന്നാൽ I 4(B) പ്രാകാരം ഡിമാന്റ് 135250 രൂപ മാത്രമാണ്. ബാക്കി ലഭ്യമാകുവാനുള്ള തുക ആസ്തിയായി ബാലൻസ് ഷീറ്റിൽ പ്രതിഫലിച്ചിട്ടില്ല.
5. ഉദയനാപുരം എസ്.സി.ബി.അക്കൗണ്ടിലെ കാലാവധി കഴിഞ്ഞ ചെക്ക്(നം.57741/08.05.19) 'Liability In Respect Of Stale Cheque' എന്ന ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല.
6. തൊഴിലില്ലായ്മ വേതനം ഇനത്തിലുള്ള ചെലവ് തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
7. വസ്തുനികുതി സംബന്ധിച്ച് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി. തുകകളുമായി പൊരുത്തപ്പെടുന്നില്ല.
8. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ, ചട്ടം 58(4) എച്ച് പ്രകാരം കുടിശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11798828 |
| ഓഡിറ്റ് വർഷത്തെ വരവ് | 105104086 |
| ആകെ | 116902914 |
| | |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ് | 100304128 |
| നീക്കിയിരിപ്പ് | 16598786 |
| വരവിനങ്ങളിലുള്ള നഷ്ടം | 147700 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2454711 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 32491000 | 32491000 | 19045765 | 13445235 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 13028294 | 13028294 | 5225095 | 7803199 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 372500 | 372500 | 175200 | 197300 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ് ) | 0 | 6494000 | 6494000 | 2149466 | 4344534 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ് ) | 0 | 5887000 | 5887000 | 4600760 | 1286240 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 12977000 | 12977000 | 5767686 | 7209314 |
| എൻ ആർ ഇ ജി എസ് | 15418 | 65500870 | 65516288 | 65515346 | 942 |
| ഐസിഡിഎസ് (കേന്ദ്ര വിഹിതം) | 1081111 | 486003 | 1567114 | 500000 | 1067114 |
| ശുചിത്വമിഷൻ | 0 | 130000 | 130000 | 0 | 130000 |
| റ്റി.എസ്.സി | 1328256 | 0 | 1328256 | 360000 | 968256 |

1.പ്രോജക്ട് നം.201,204,225,226 എന്നിവ പ്രകാരം തിരിച്ചടവായി സ്രോതസ്സിൽ കുറവ് ചെയ്ത 3481868 രൂപ വാർഷികകണക്ക് വരവ് ചെലവ് പത്രികയിൽ ഉൾപ്പെടുത്താത്തതിനാൽ വികസനഫണ്ട് ജനറലിന്റെ ചെലവ് തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, വാർഷികകണക്ക് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. സോഴ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെടുത്തിയാണ് വരവ് തയ്യാറാക്കിയിട്ടുള്ളത്.

2.ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള വകയിരുത്തൽ , നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 205 | 216270884 | 118 | 74578013 | 87 | 57.5 |

2019-20 വാർഷിക പദ്ധതിക്ക് ഉത്തരവ് നം. 80898/2020/DPC/DPO/KTM തീയതി 31.03.2020 പ്രകാരം അംഗീകാരം ലഭിച്ചു.

പദ്ധതി ആസൂത്രണം

പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ 3.10.18 തീയതിയിലും പദ്ധതി ആസൂത്രണഗ്രാമസഭകൾ 8.11.18 തീയതിയിലും വികസനസെമിനാർ 29.11.18 തീയതികളിലും കൂടിയിട്ടുണ്ട്.

<u>വർക്കിംഗ് ഗ്രൂപ്പുകൾ</u>

19-20 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് തൻവർഷം വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളത്. പദ്ധതികളുടെ മോണിട്ടറിംഗ് കമ്മിറ്റിയായി വർക്കിംഗ് ഗ്രൂപ്പുകൾ തൻവർഷം പ്രവർത്തിച്ചിട്ടില്ല.വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൂടുതൽ ശക്തമാക്കേണ്ടതാണ്.

വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകളുടെ ചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷിഓഫീസർ | 14 | 6 | 4394321 | 466643 | 10.6 |
| വെറ്ററിനറിസർജൻ | 9 | 9 | 4030000 | 1736155 | 43 |
| മെഡിക്കൽ ഓഫീസർ(പി.എച്ച്. സി) | 2 | 2 | 600000 | 599550 | 99.9 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 300000 | 300000 | 100 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 1 | 500000 | 500000 | 100 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 5 | 1 | 2217610 | 622140 | 28 |
| വി.ഇ.ഒ 1 | 10 | 8 | 10288320 | 1252800 | 12.1 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 8 | 3741609 | 3497277 | 93.4 |
| സെക്രട്ടറി | 32 | 25 | 18202534 | 11084283 | 60.8 |
| ഹെഡ് മാസ്റ്റർ | 10 | 8 | 1860000 | 1423555 | 76.5 |
| വി.ഇ.ഒ 2 | 12 | 7 | 101632446 | 33587243 | 33 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 79 | 29 | 36360426 | 10643179 | 29.2 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 950000 | 266849 | 28 |
| അസിസ്റ്റന്റ് സെക്രട്ടറി | 20 | 11 | 31193618 | 8598339 | 27.5 |
| ആകെ | 205 | 118 | 216270884 | 74578013 | 34.4 |

കൃഷിഓഫീസർ, ഫിഷറീസ് സബ് ഇൻസ്പെക്ടർ , വി.ഇ.ഒ , അസിസ്റ്റന്റ് എഞ്ചിനീയർ ,ഡയറി ഫാം ഉൻസ്പെക്ടർ , അസി. സെക്രട്ടറി എന്നിവരുടെ പദ്ധതി ചെലവ് താരതമ്യേന കുറവായിരുന്നു. തുടർ വർഷങ്ങളിൽ അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

വിവിധ സ്രോതസ്സ് തിരിച്ചുള്ള വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്രോതസ്സ് | വകയിരുത്തിയതുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട്(ജനറൽ) | 36210321 | 19045765 | 52.5 |
| വികസനഫണ്ട്(എസ്.സി.പി) | 14800203 | 5225095 | 35 |
| വികസനഫണ്ട്(റ്റി.എസ്.പി) | 191000 | 175200 | 91.7 |
| ധനകാര്യ കമ്മീഷൻഗ്രാന്റ് | 15465143 | 5767686 | 37 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 3539411 | 1121800 | 31.6 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 30000000 | 9780000 | 32.6 |
| തനത് ഫണ്ട് | 6573610 | 2637441 | 40 |
| ബ്ളോക്ക് വിഹിതം | 5032225 | 2643836 | 52 |
| ജില്ലാപഞ്ചായത്ത് വിഹിതം | 5675691 | 3426964 | 60 |
| സംരക്ഷണഗ്രാന്റ് (റോഡ് ) | 7113464 | 2149466 | 30 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 7034311 | 4600760 | 65 |
| മറ്റുള്ളവ | 84635505 | 18004000 | 21 |
| ആകെ | 216270884 | 74578013 | 34.4 |

ലഭ്യമായ ഫണ്ടുകളിൽ വികസന ഫണ്ട് ജനറൽ, എസ്.സി.പി സംരക്ഷണഗ്രാന്റ് (റോഡ്) ഇനത്തിലെ ചെലവ് ശതമാനം കുറവാണ്. ലഭ്യമാകുന്ന ഫണ്ടുകളുടെ ചെലവ് ശതമാനം ഉയർത്താൻ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. .സംസ്ഥാനവിഹിതം, കേന്ദ്രവിഹിതം ,മറ്റിനങ്ങൾ എന്നിവയിൽ വലിയ തുക വകയിരുത്തിയെങ്കിലും അതിനനുസരിച്ച് തുക ലഭ്യമാകുകയോ ചെലവഴിക്കുകയോ ചെയ്തില്ല. അടങ്കൽ ഉയർന്നിരുന്നതിനാൽ ചെലവ് ശതമാനം കുറവായി.

വിവിധ ഗ്രാന്റിനങ്ങളിലായി 34285822രൂപ ലാപ്സായി.

| ഫണ്ടിനം | ആകെവരവ് | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 32491000 | 19045765 | 13445235 |
| വികസന ഫണ്ട്-എസ്.സി.പി | 13028294 | 5225095 | 7803199 |
| വികസന ഫണ്ട്-ടി.എസ്.പി | 372500 | 175200 | 197300 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ് ) | 6494000 | 2149466 | 4344534 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ് ) | 5887000 | 4600760 | 1286240 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 12977000 | 5767686 | 7209314 |
| ആകെ | | | 34285822 |

ഗ്രാമപഞ്ചായത്തിന്റ വിവിധമേഖലകളിലെ വികസനത്തിന് ഉപയോഗിക്കേണ്ട തുകകൾ ലാപ്സായി പോകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2019-2020 സാമ്പത്തിക വർഷം 3328പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 778 പ്രോജക്ടുകളിൽ 496 എണ്ണം നടപ്പിലാക്കി. 2019-2020 വർഷം 198442 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2513 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി പുരയിടം കൃഷിക്ക് അനുയോജ്യമാക്കൽ, എസ് സി. എസ് ടി, ബിപിഎൽ കുടുംബങ്ങളുടെ ഭൂമി(കൺവർജൻസ്), വിവിധ റോഡ്

പണികൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ക്യാഷ്ബുക്ക് പ്രകാരമുള്ള 2019-2020 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 15418 | 2358587 | 2374005 | 2373063 | 942 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | - | 63142283 | 63142283 | 63142283 | 0 |
| ആകെ | 15418 | 65500870 | 65516288 | 65515346 | 942 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 261360 | 292 |
| കർഷകതൊഴിലാളി പെൻഷൻ | 2776200 | 800 |
| വിധവാപെൻഷൻ | 2998800 | 916 |
| വാർദ്ധക്യകാലപെൻഷൻ | 7222200 | 2755 |
| വികലാംഗപെൻഷൻ | 1269900 | 364 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 279000 | 83 |
| സാധുക്കളായ വിധവകളുടെ പെൺ മക്കളുടെ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-06-2021 3.10 പി എം ന് അസി. സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1659/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവുകൾ മുഖാന്തിരം വിവിധ സെക്ഷനുകളിലെ ജോലികളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നു. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്.ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ ചെലവുകൾ പാസ്സാക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് അവസാനമായി നടന്നത് 2012-13 മുതൽ 2016-17 വരെയുള്ള കാലയളവിലേതാണ്. L13A(HQ)II/I/8A-2637/17-18/196 തീ.28.09.2017 നമ്പരായ പ്രസ്തുത റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കിയിട്ടില്ല.

## 1-11 രസീതുകളുടെ പരിശോധന സംബന്ധിച്ച അപാകതകൾ

രസീതുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.മാനുവൽ രസീതുകളിൽ പിരിച്ചെടുത്ത തുകകൾ സാംഖ്യയിലേക്ക് വരവു വെക്കുമ്പോൾ തെറ്റായ ഹെഡുകളിലേക്ക് വരവു വെച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. ഏതാനും രസീതുകൾ ചുവടെ ചേർക്കുന്നു.

| രസീത് നം, തീയതി | അടച്ച വ്യക്തി/സ്ഥാപനം/രസീതിന്റെ ഇനം | തുക | സാംഖ്യയിൽ വരവ് വെച്ച ഹെഡ് |
|---|---|---|---|
| 37475/12, 9.7.2019 | വസ്തുനികുതി,എം.ഐ..തോമസ്, മുരിങ്ങത്ത് | 351 | അദർ റസീപ്റ്റ്സ് |
| 37475/13, 10.7.19 | റോഡ് കട്ടിംഗ്ഫീസ്,ശ്രീജ എസ് | 500 | ” |
| 37475/14, 10.7.19 | വസ്തുനികുതി, വിജീഷ് കുമാർ | 180 | ” |
| 37475/15, 10.7.19 | വസ്തുനികുതി,മരീന വർഗീസ് | 233 | ” |
| 37475/16, 10.7.19 | വസ്തുനികുതി, ബാലകൃഷ്ണൻ | 252 | ” |
| 37475/17, 10.7.19 | വസ്തുനികുതി, ചന്ദ്രൻ പി | 58 | ” |
| 37475/18, 10.7.19 | വസ്തുനികുതി, സുധാകരൻ | 584 | ” |
| 37475/19, 10.7.19 | ശാന്ത മണിയൻ , റോഡ് കട്ടിംഗ് ചാർജ് | 500 | ” |
| 37475/20, 10.7.19 | എം.കെ.രവി, തൊഴിൽ നികുതി | 600 | ” |
| 37475/21, 10.7.19 | ബാലകൃഷ്ണൻ നായർ, വസ്തുനികുതി | 513 | ” |
| 37475/22, 11.7.19 | എസ്.പി. അജി, വസ്തുനികുതി | 284 | ” |
| 37475/23, 11.7.19 | പവിത്രൻ, വസ്തുനികുതി | 96 | ” |
| 37475/24, 27.8.19 | ജോബി വി.ജെ., റോഡ് കട്ടിംഗ് ചാർജ് | 500 | ” |
| 37475/25, | ബാലാജി, | 500 | ” |

| | | | |
|---|---|---|---|
| 27.8.19 | ഓണർഷിപ്പ് ചെയ്ഞ്ച് ഫീ | | |
| 37475/26, 27.8.19 | ശ്രീകൃഷ്ണ ആയുർവേദ ചികിത്സാകേന്ദ്രം,ജീവനക്കാരുടെ തൊഴിൽ നികുതി | 10425 | ” |

2. മാന്യുവൽ രസീതുകളിലും സാംഖ്യ രസീതുകളിലും ക്യാൻസൽ ചെയ്യുന്ന രസീതുകളിൽ കൃത്യമായ കാരണം രേഖപ്പെടുത്തി സെക്രട്ടറിയോ ചുമതലപ്പെട്ട ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തുന്നില്ല.

3. ഔട്ട് ഡോർ കളക്ഷൻ, ക്യാംപ് കളക്ഷൻ തുകകൾ സഞ്ചയയിലേക്ക് പോസ്റ്റ് ചെയ്യുമ്പോൾ കാൻസൽ ചെയ്തിട്ടുള്ള രസീതുകൾ രേഖപ്പെടുത്താതെ തൊട്ടടുത്ത രസീതിലേക്ക് പോകുന്നതായി കാണുന്നു..

4. ഓഫീസിൽ നിന്നും രസീത് കളക്ഷനു വേണ്ടി നൽകിയ 1356 എന്ന രസീത് ബുക്ക് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ടി രസീത് ബുക്കിൽ 32 രസീത് നമ്പരുകൾ വരെ കളക്ഷൻ എടുത്തിട്ടുള്ളതും തുകയായ 15516/- രൂപ 119010104192/1.3.20, 937975100067/13.3.20, 119010109221/14.3.20, 119010104270/17.3.20, 119010104280/18.3.20 എന്നീ രസീതുകൾ പ്രകാരം അടവാക്കിയിട്ടുള്ളതാണെന്നും സഞ്ചയയിൽ ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തിയിട്ടുള്ളതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

രസീതുകളുടെ സ്റ്റോക്ക് സൂക്ഷിപ്പിലും പിരിച്ചെടുക്കുന്ന തുകകൾ വരവിലെടുക്കുന്നതിലും സാംഖ്യയിലും സഞ്ചയയിലും പോസ്റ്റിംഗ് നടത്തുന്നതിലും ആവശ്യമായ മേൽനോട്ടം ഉണ്ടാകുന്നില്ലെന്നാണ് മനസിലാക്കാനാകുന്നത്. രസീതുകളുടെ ഉപയോഗം കൃത്യമായി നിരീക്ഷിക്കുന്നതിനും ആവശ്യമായ മേൽപരിശോധനകൾ നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.ഹാജരാക്കാത്ത രസീത് ബുക്ക് അടിയന്തിരമായി കണ്ടെത്തി പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി അടവാക്കാത്തത് സംബന്ധിച്ച്

2019-20 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ധാരാളം സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും അടവാക്കാതെ അവശേഷിക്കുന്നതായി കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1. ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രി | രണ്ടാം അർദ്ധവർഷം |
| 2 | ആതുരാശ്രമം ഇംഗ്ലീഷ് മീഡിയം സ്കൂൾ | രണ്ടാം അർദ്ധവർഷം |
| 3 | എം.ജി.എൻ.ആർ.ഇ.ജി.എസ് | രണ്ടാം അർദ്ധവർഷം |
| 4 | ബിഎസ്എൻഎൽ ടെലികോം ഓഫീസ്, ഉദയനാപുരം | 1&2 അർദ്ധവർഷങ്ങൾ |
| 5 | ഇറോസ് ഓയിൽ മിൽസ് പ്രൈവറ്റ് ലിമിറ്റഡ് | 1&2 അർദ്ധവർഷങ്ങൾ |
| 6 | ഡിഎസ്എസ് മറൈൻ നേരെ കടവ് | 1&2 അർദ്ധവർഷങ്ങൾ |
| 7 | വിളങ്ങാട്ട് ഏജൻസീസ് | 1&2 അർദ്ധവർഷങ്ങൾ |
| 8 | വല്ലകം ക്ഷീരോദ്പാദക കോപ്പറേറ്റീവ് സൊസൈറ്റി | ഒന്നാം അർദ്ധവർഷം |
| 9 | കയർ വ്യവസായ സഹകരണ സംഘം നം.338 പടിഞ്ഞാറേക്കര | 1&2 അർദ്ധവർഷങ്ങൾ |
| 10 | ഉദയനാപുരം സർവീസ് സഹകരണ ബാങ്ക് | 1&2 |

| | | |
|---|---|---|
| | | അർദ്ധവർഷങ്ങൾ |
| 11 | ടിഎസ് നം.37 ഓളി ഉദയനാപുരം | 1&2 അർദ്ധവർഷങ്ങൾ |
| 12 | ടിഎസ് നം.38 ഉദയനാപുരം | 1&2 അർദ്ധവർഷങ്ങൾ |

2. സ്ഥാപന തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | സിൻഡിക്കേറ്റ് ബാങ്ക് | 1&2 അർദ്ധവർഷങ്ങൾ |
| 2 | ഉദയനാപുരം സർവീസ് സഹകരണ ബാങ്ക് | 1&2 അർദ്ധവർഷങ്ങൾ |
| 3 | സിവിൽ സപ്ലൈസ് | ഒന്നാം അർദ്ധവർഷം |

ഇതു കൂടാതെ പഞ്ചായത്ത് പരിധിയിൽ പെടുന്ന കള്ളുഷാപ്പുകൾ, ക്ഷീരോദ്പാദക സഹകരണ സംഘങ്ങൾ, റേഷൻകടകൾ എന്നിവയും സ്ഥാപന തൊഴിൽ നികുതി അടവാക്കാതെ പ്രവർത്തിക്കുന്നുണ്ട്. ആയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം.14) തൊഴിൽ നികുതി അടവാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭിച്ചു. തൊഴിൽ നികുതി അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ലൈസൻസെടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച്

1. വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടങ്ങളിലെ പട്ടിക 1 ലെ നം. 27 പ്രകാരം ചകിരിനാര് സംഭരിച്ച് വെയ്ക്കുകയോ പായ്ക്ക് ചെയ്യുകയോ വൃത്തിയാക്കുകയോ തയ്യാറാക്കുകയോ ഉണ്ടാക്കുകയോ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുകയോ വിൽക്കുകയോ ചെയ്യുന്നതിനും നം. 31 പ്രകാരം കയർ ഏതെങ്കിലും മാർഗം ഉപയോഗിച്ച് സംഭരിച്ച് വെയ്ക്കുകയോ പായ്ക്ക് ചെയ്യുകയോ തയ്യാറാക്കുകയോ ഉണ്ടാക്കുകയോ മറ്റുൽപ്പന്നങ്ങൾ ഉണ്ടാക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുന്നതിനും ലൈസൻസ് എടുക്കേണ്ടതാണ്. സഞ്ചയയിലെ രേഖപ്പെടുത്തലുകൾ പ്രകാരം വ്യവസായാവശ്യത്തിനുള്ള-കൈത്തറി ഷെഡ്, കയർപിരി ഷെഡ് എന്ന ഉപയോഗക്രമത്തിൽ 123 കെട്ടിടങ്ങൾക്ക് വസ്തുനികുതി കണക്കാക്കിയിട്ടുണ്ട്. 2019-20 ലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഒരു വ്യക്തിയോ സ്ഥാപനമോ ചകിരിനാര്, കയർ എന്നിവയുടെ നിർമാണത്തിനോ വിപണനത്തിനോ വേണ്ടി ലൈസൻസ് എടുത്തിട്ടില്ലെന്നു കാണുന്നു. പഞ്ചായത്തിൽ നിന്നും കയർ ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് സബ്സിഡി എന്ന പദ്ധതിക്കായി ധാരാളം ഗ്രൂപ്പുകൾക്ക് സഹായം അനുവദിച്ചിട്ടുള്ളതായി കാണുന്നു.

2. 2019-20 ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ ലൈസൻസ് ഫീസ് അടവാക്കിയിട്ടില്ലെന്ന് കാണുന്നു.

| ക്രമ നം | സ്ഥാപന ഉടമയുടെ/ സ്ഥാപനത്തിന്റെ പേര് | സ്ഥാപനത്തിന്റെ തരം |
|---|---|---|
| 1 | ദേവദാസ് പി.പി., ദിവ്യപ്രഭ, തൃപ്തി മിൽസ് | ഫ്ലോർ മിൽ ആന്റ് റൈസ് മിൽ |
| 2 | പി. ബാബു, ആല്പുതുരുത്തിൽ | ബേക്കറി& സ്റ്റേഷനറി |
| 3 | രവീന്ദ്രൻ കെ.എസ്., പുത്തൻതറയിൽ | ബേക്കറി& സ്റ്റേഷനറി |

| | | |
|---|---|---|
| 4 | സിബിച്ചൻയു.വി, ഉദുവേലിൽ | സ്റ്റേഷനറി & ഫോട്ടോസ്റ്റാറ്റ് |
| 5 | സുനിൽ, അശ്വതി നിവാസ് | പലചരക്ക്,പച്ചക്കറി |
| 6 | താജുദ്ദീൻ കെ.പി., | മസാല ഐറ്റംസ് വിപണനം |
| 7 | ബഷീർ എം.കെ., അരുവാത്തറ | ആക്രി സാധനങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിന് |
| 8 | രാജേഷ് സോമൻ, ചിത്തിര | സ്റ്റുഡിയോ |
| 9 | സുനിത എസ്., മിന്നുനിവാസ് | കോൾഡ് സ്റ്റോറേജ് |
| 10 | ഷോബി സെബാസ്റ്റ്യൻ, കോഴിക്കോട് | ഇറച്ചിക്കോഴികൾ |
| 11 | സുധീഷ്ചന്ദ് എ.ആർ., സരസ്വതീമന്ദിരം | കാറ്ററിംഗ് സർവീസ് |
| 12 | കെ.ആർ.സദാശിവൻ, രാധികാഭവൻ | സ്റ്റേഷനറി |
| 13 | അനന്ദു ആർ കൃഷ്ണ, രാധാനിവാസ് | സിമന്റ് ബ്രിക്സ് നിർമാണം |
| 14 | സി.പി. ചിത്രാംഗധൻ, ഗായത്രി | നീറ്റുകക്ക, കുമ്മായം,കക്ക,കരി വിപണനം |
| 15 | ഷാജി കെ.ആർ., വാഴത്തറ വീട് | ഫർണിച്ചർ നിർമാണം |
| 16 | രവീന്ദ്രൻ, കണ്ണംകുളത്തു ഹൗസ് | ഗ്രിൽ,ഗേറ്റ്,ജനൽ നിർമാണം |
| 17 | അനിൽകുമാർ ടി.ടി., താന്നിയിൽ | സിമന്റ് വിൽപ്പന |
| 18 | ബേബി വർഗീസ്, മഠത്തിൽ | സ്റ്റേഷനറി & ലേഡീസ് സ്റ്റോർ |
| 19 | ശശീന്ദ്രൻ, പല്ലാട്ടിപ്പടിക്കൽ | പലചരക്ക് കച്ചവടം |
| 20 | സിബി ജോസ്, തെക്കേടത്തു പറമ്പിൽ | പായ്ക്ക് ചെയ്ത കാപ്പിപ്പൊടി സ്റ്റോക്ക് ചെയ്ത് വിൽപ്പന |
| 21 | എൻ.ബി. ബാഹുലേയൻ, നികർത്തിൽ | പലചരക്ക് കച്ചവടം |
| 22 | ജോർജ് ജോസഫ്, മഠത്തിൽ | പലചരക്ക് |

രജിസ്റ്ററിൽ മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളുടെ ഉടമകൾ ലൈസൻസ് ഫീസോ സ്ഥാപന തൊഴിൽ നികുതിയോ അടവാക്കിയിട്ടില്ലെന്നു കാണുന്നു. 121750 രൂപ ഡിമാന്റിൽ 7250 രൂപ അടവാക്കാനുള്ളതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

3. പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടുണ്ടെങ്കിലും ലിസ്റ്റിലുൾപ്പെട്ട എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ലെന്ന് രജിസ്റ്ററുകളുടെ പരിശോധനയിൽ നിന്നും വ്യക്തമാകുന്നു. കൂടാതെ മുൻവർഷങ്ങളെ അപേക്ഷിച്ച് ലൈസൻസെടുത്തിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്.

| | |
|---|---|
| ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം സ്ഥാപനങ്ങളുടെ എണ്ണം | 291 |
| 2017-18 വർഷം ലൈസൻസെടുത്ത സ്ഥാപനങ്ങളുടെ എണ്ണം | 227 |
| 2018-19 വർഷം ലൈസൻസെടുത്ത സ്ഥാപനങ്ങളുടെ എണ്ണം | 238 |
| 2019-20 വർഷം ലൈസൻസെടുത്ത സ്ഥാപനങ്ങളുടെ എണ്ണം | 215(ഇതിൽ മുകളിൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല) |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേണത്തിന് സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരികയാണെന്ന് മറുപടി നൽകി. പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതും ഈയിനത്തിൽ ലഭിക്കാനുള്ള തനതു വരുമാനം കുറവു വരാതെ ശ്രദ്ധ പുലർത്തേണ്ടതുമാണ്. ലൈസൻസ് അനവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 വസ്തു നികുതി ഒഴിവാക്കിയത് സംബന്ധിച്ച്

1. സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധനയിൽ പങ്കജം, ശിവമംഗലത്ത് എന്നയാളിന്റെ ഉടമസ്ഥതയിലുള്ള 134 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിട നം. 16/48 (എ) നികുതി, ഉപനികുതി ഒഴിവാക്കിയ കെട്ടിടം എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. ഉപയോഗക്രമത്തിന്റെ വിവരണത്തിൽ ടി കെട്ടിടം മോട്ടോർഷെഡ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 134 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടം മോട്ടോർഷെഡ് എന്ന് രേഖപ്പെടുത്തി നികുതിയിൽ നിന്നും ഒഴിവാക്കിയതിന് കാരണം വ്യക്തമല്ല.

2. ഡോ. മോനി കുര്യാക്കോസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള 24 ച.മീ. വിസ്തീർണ്ണമുള്ള 1/364 എ എന്ന കെട്ടിടം നികുതി, ഉപനികുതി ഒഴിവാക്കിയ കെട്ടിടമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയത് സംബന്ധിച്ച്

വസ്തുനികുതി പരിശോധനയിൽ 7/143, 7/144 എന്നീ കെട്ടിടങ്ങൾ ആശുപത്രികൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചിട്ടുള്ളതാണെന്ന് കാണുന്നു. എന്നാൽ അന്വേഷണത്തിൽ പ്രസ്തുത കെട്ടിടം ആയുർവേദ സുഖചികിത്സാ കേന്ദ്രമായി പരിഗണിച്ച് നികുതി ഈടാക്കാവുന്നതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. സ.ഉ.(അ) നം.36/2015/ത.സ്വ.ഭ.വ. തീയതി 24.2.2015 പ്രകാരം ആയുർവേദ സുഖ ചികിത്സാ കേന്ദ്രത്തിന്

ഈടാക്കാവുന്ന കുറഞ്ഞ നിരക്ക് 150 ഉം കൂടിയ നിരക്ക് 160 മാണ്. നിലവിൽ സഞ്ചയയിൽ വസ്തു നികുതി റേറ്റ് സെറ്റിംഗ്സിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല. കെട്ടിടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം, ഉടമ, സ്ഥാപനത്തിന്റെ പേര് | നിലവിൽ കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം (ച.മീ.) | നിലവിൽ ഈടാക്കുന്ന വസ്തുനികുതി |
|---|---|---|---|
| 7/143, ഡോ. വിജിത്ത് ശശിധർ, ശ്രീകൃഷ്ണ ആയുർവേദ കേന്ദ്രം | ആശുപത്രികൾ | 249 | 1644 |
| 7/144, ഡോ. വിജിത്ത് ശശിധർ, ശ്രീകൃഷ്ണ ആയുർവേദ കേന്ദ്രം | ആശുപത്രികൾ | 400 | 3564 |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം , കാന്റീൻ,വർക്ക്ഷോപ്, അയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ, റസിഡൻഷ്യൽ ഹോം സ്റ്റേ, അമ്യൂസ്മെൻറ് പാർക്ക് എന്നിവയൊന്നും സഞ്ചയയ റേറ്റ് സെറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നു കാണുന്നു. ഇവയുടെ നിരക്ക് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടോയെന്നതിനും മറുപടി ലഭിച്ചില്ല. നിരക്ക് നിശ്ചയിച്ചിട്ടില്ലെങ്കിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കേണ്ടതും സഞ്ചയയിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ഈ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുണ്ടെങ്കിൽ നിരക്ക് പുതുക്കി നിശ്ചയിക്കേണ്ടതുമാണ്.

ആയുർവേദ സുഖചികിത്സാ കേന്ദ്രത്തിന് ആശുപത്രിയെന്ന് ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിശ്ചയിച്ചതിലുണ്ടായ അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 വാടക അടവാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ III/542 നമ്പർ കെട്ടിടം വാടകയ്ക്ക് എടുത്തിരുന്ന ശ്രീ.ഗിരീഷ്,കുന്നത്ത്,ഉദയനാപുരം എന്ന വ്യക്തി 2020 മാർച്ച് മാസത്തെ വാടകയായ 3142 രൂപ (ജി.എസ്.റ്റി ഉൾപ്പെടാതെ) അടവാക്കിയിട്ടില്ല. ടിയാൾക്ക് തന്നെ 2020-21 വർഷവും പ്രസ്തുത കെട്ടിടം വാടകയ്ക്ക് നൽകിയിട്ടുണ്ട്. ടിയാൾ കുടിശ്ശിക വരുത്തിയ തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/25.06.21) മറുപടി ലഭ്യമാക്കിയില്ല. ടിയാളിൽ നിന്നും വാടക കുടിശ്ശിക പിഴപലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. കുടിശ്ശിക വരുത്തുന്ന വ്യക്തികൾക്ക് തന്നെ തുടർന്നും കെട്ടിടം വാടകയ്ക്ക് നൽകുന്ന നടപടി ഓഴിവാക്കേണ്ടതാണ്.

## 1-17 വിവിധ ലേലങ്ങൾ- തുക മുതൽകൂട്ടിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

2019-20 വർഷത്തിൽ ചുവടെ ചേർക്കുന്ന ലേലങ്ങൾ നടത്തി തുക മുതൽ കൂട്ടാൻ ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിരുന്നു.

1) 26.6.19 ലെ അജണ്ട8, തീരുമാനം 10 പ്രകാരം ഗ്രാമപഞ്ചായത്ത് കോംപൗണ്ടിൽ നിൽക്കുന്ന ആഞ്ഞിലി മരം ലേലം ചെയ്ത് മുതൽ കൂട്ടാൻ തീരുമാനിച്ചു.

2) 26.9.19 ലെ അജണ്ട 2 പ്രകാരം 2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി അസി.എഞ്ചിനീയർ നിർവ്വഹിച്ച അക്കരപ്പാടം സ്കൂളിന് ഓടനിർമ്മാണം എന്ന പ്രോജക്റ്റിന് വേണ്ടി നീക്കം ചെയ്ത മണ്ണ് സർവ്വേ റിപ്പോർട്ട് തയ്യാറാക്കി ലേലം ചെയ്യാൻ അസി. എഞ്ചിനീയറെ ചുമതലപ്പെടുത്തി.

3) 30.10.19 ലെ തീരുമാനം 12- പഞ്ചായത്തിന്റെ അധീനതയിലുള്ള ഇത്തിപ്പുഴ-പരീത്തറ-ആറ്റുമാലിൽ റോഡിൽ അപകട ഭീഷണിയുണ്ടാക്കുന്ന2 വൃക്ഷങ്ങൾ ( ആഞ്ഞിലി, പാഴ് മരം) വാല്യുവേഷൻ എടുത്ത് ലേലം ചെയ്യാൻ തീരുമാനം.

4) 30.11.19 ലെ അജണ്ട 8, തീരുമാനം 10-ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് നടത്തിയ നിർമ്മാണപ്രവർത്തനങ്ങളുടെ ഫലമായി സ്ഥാപനത്തിന്റെ കോംപൗണ്ടിൽ കിടക്കുന്ന വാർക്ക കമ്പികൾ, ഫൗണ്ടേഷൻ കല്ലുകൾ , ഇരുമ്പ് ഗേറ്റ് , ജനൽ, ഫർണ്ണീച്ചർ എന്നിവ ലേലം ചെയ്യാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

മേൽ സൂചിത കമ്മറ്റി തീരുമാനങ്ങളിൽ പരാമർശിക്കുന്ന ലേലങ്ങൾ നടത്തി തുക മുതൽക്കൂട്ടിയിട്ടുണ്ടെങ്കിൽ ഫയൽ സഹിതം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. ലേലം ചെയ്ത് തുക ഈടാക്കിയ ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## <u>1-18 നേരേകടവ് - മാക്കേക്കടവ് ലേലം - തുക ലഭ്യമക്കിയിട്ടില്ല</u>

നേരേകടവ്-മാക്കേക്കടവ് ജങ്കാർ സർവ്വീസ് 2016 നവംബർ മാസം പാലം പണി ആരംഭിച്ചപ്പോൾ നിർത്തുകയും പ്രദേശവാസികളുടെ യാത്രാദുരിതം പരിഹരിക്കുന്നതിന് ഉദയനാപുരം തൈക്കാട്ടുശ്ശേരി പഞ്ചായത്തുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ കടത്ത് സർവ്വീസ് ആരംഭിക്കുകയും ചെയ്തു. പ്രസ്തുത കടത്ത് സർവ്വീസിന് കൂലിയിനത്തിൽ ഉദയനാപുരം ഗ്രാമപഞ്ചായത്തിന് 2016 ഡിസംബർ മുതൽ 2019 ഓഗസ്റ്റ് വരെ 684800 രൂപ ചെലവായിട്ടുണ്ട്. ടി തുകയുടെ പകുതിയായ 324400 രൂപയിൽ നിന്നും 2019-20 വർഷത്തെ ലേലത്തുകയുടെ പകുതിയായ 107500 രൂപ കുറവ് ചെയ്ത തുകയായ 234900 രൂപ ഉദയനാപുരം ഗ്രാമപഞ്ചായത്തിന് കിട്ടുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കാൻ തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് അധികൃതരോട് ആവശ്യപ്പെട്ട് തീരുമാനിച്ചു ( 13.3.20 ലെ അജണ്ട 1, തീരുമാനം 2).

ടി തുക ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖാമൂലം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ ) തുക ഈടാക്കാൻ തൈക്കാട്ടുശ്ശേരി പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടെന്നാണ് മറുപടി ലഭിച്ചത് . തുക ഈടാക്കിയശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## <u>1-19 ഇ ടെണ്ടർ-ടെണ്ടർ ഫോറത്തിന്റെ വില ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല.</u>

സ്ഥാപനം തൻവർഷം 16 മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ നടത്തിയതിൽ ടെൻഡർഫീസിനത്തിൽ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് 51974 രൂപ ട്രാൻസ്ഫറായിട്ടുണ്ട് . മേൽ സൂചിപ്പിച്ച തുക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് തിരികെ ലഭ്യമാക്കാൻ ശ്രമിക്കേണ്ടതും ജി.എസ്.റ്റി ഇനത്തിലുള്ള തുക നിശ്ചിത ശീർഷകത്തിൽ തിരികെ അടക്കേണ്ടതുമാണ്.

## <u>1-20 വക്കീൽ ഫീസ് നൽകിയതിൽ അപാകതകൾ</u>

I. 18/02/16 ലെ സ.ഉ(എം.എസ്)36/16/ത.സ്വ.ഭ.വ പ്രകാരം കേസ് നടത്തിപ്പിനായി ഒരു കേസിന് വക്കീലിന് നൽകാവുന്ന പരമാവധി ഫീസ് 15000 രൂപയാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും അഡ്വ.എസ്.രാജ് മോഹന് WPC No.6623/17 കേസ് നടത്തിപ്പിനായി കോടതിയിൽ ഹജരായ ഇനത്തിൽ ടിയാളുടെ അപേക്ഷ പരിഗണിച്ച് 22000 രൂപ വക്കീൽ ഫീസായി നൽകിയിട്ടുണ്ട്(ചെക്ക് നം.552243/10.06.2019 ,വൗച്ചർ നം.21900228/16.06.19) .ഇപ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി വക്കീൽ ഫീസ് ഇനത്തിൽ അധികമായി തുക നൽകിയതിനുള്ള വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12(I)/23.06.21) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അധികമായി നൽകിയ 7000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

II. WPC34353/17, WPC22976/19 എന്നീ കേസുകളിൽ പഞ്ചായത്തിന് വേണ്ടി കോടതിയിൽ ഹാജരായ ഇനത്തിൽ അഡ്വ. രാജ്മോഹന് 30000 രൂപയുടെ ചെക്ക് (നം.884144/20.12.19) 20.12.19 ൽ ഗ്രാമപഞ്ചായത്തിൽ നിന്നും അയച്ച് നൽകിയിട്ടുണ്ട്. എന്നാൽ അഡ്വക്കേറ്റ് നൽകിയിട്ടുള്ള കൈപ്പറ്റ് രസീതിൽ 30000 രൂപയുടെ 884149/31.12.2019 നമ്പർ ചെക്ക് കൈപ്പറ്റിയെന്നാണ് രേഖപ്പടുത്തിയിട്ടുള്ളത്. 884144/20.12.19 നമ്പർ ചെക്കിന്റെ പകർപ്പ് മാത്രമേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. സ്യൂട്ട് രജിസ്റ്ററിൽ പേമെന്റ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ബിൽ രജിസ്റ്ററിൽ 31.12.19 ൽ Newcheque Issued എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ക്യാൻസൽ ചെയ്ത ചെക്ക്

പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ആദ്യത്തെ ചെക്ക് ക്യാൻസൽ ചെയ്യാണോ രണ്ടാമത്തെ ചെക്ക് നൽകിയിട്ടുള്ളതെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12(II)/23.06.21) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ടി വ്യക്തിയ്ക്ക് 2 തവണ പേമെന്റ് നൽകിയിട്ടുണ്ടോയെന്ന് ഉറപ്പാക്കി വിവരം അറിയിക്കേണ്ടതും ആദ്യത്തെ ചെക്ക് ക്യാൻസൽ ചെയ്തിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-21 ഫെസ്റ്ററിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുക തിരികെ ലഭ്യമായില്ല

വാർഷിക ധനകാര്യ പത്രികയിലെ ബി 18 ഷെഡ്യൂൾ പ്രകാരം ഫെസ്റ്ററിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ 25000 രൂപ പഞ്ചായത്തിന് തിരികെ ലഭ്യമാകുവാൻ അവശേഷിക്കുന്നുണ്ട്.അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഇതിൽ 22000 രൂപ മുൻ വർഷങ്ങളിൽ ലഭ്യമാകുവാനുള്ളതും 3000 രൂപ 19-20 വർഷത്തെ കുടിശ്ശികയുമാണ്. പ്രസ്തുത തുക തിരികെ ലഭിക്കുവാൻ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്( നം.20/25.06.21)മറുപടി ലഭ്യമാക്കിയില്ല. ടി തുക അടിയന്തിരമായി പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-22 വിവിധ ക്ഷേമപെൻഷനുകൾ--അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം

സമൂഹത്തിന്റെ താഴെ തട്ടിൽ ജീവിക്കുന്ന വ്യക്തികൾക്ക് തങ്ങളുടെ ജീവിതം മുന്നോട്ട് നയിക്കുവാൻ സർക്കാർ നൽകുന്ന സഹായമാണ് സാമൂഹ്യ സുരക്ഷാപെൻഷൻ. 40-45 ദിവസ സമയപരിധിയ്ക്കുള്ളിൽ അപേക്ഷകന് പെൻഷൻ അനുവദിയ്ക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവിലൂടെ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഉദയനാപുരം ഗ്രാമപഞ്ചായത്തിലെ ക്ഷേമപെൻഷനുകളുടെ രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പെൻഷൻ അനുവദിച്ചു നൽകുന്നില്ല എന്ന് കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

<u>ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ</u>

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ രജിസ്റ്റർ പേജ് നം./സീരിയൽ നം. | അപേക്ഷ ലഭിച്ച തീയതി | പെൻഷൻ അനുവദിച്ച തീയതി |
|---|---|---|---|
| സതിയമ്മ, വെളിയത്ത്, ഇരുമ്പൂഴിക്കര, ഉദയനാപുരം | 56/110 | 18.06.2019 | 25.10.2019 |
| സദാശിവൻ പി.കെ, പുത്തൻപുരയ്ക്കൽ, ഉദയനാപുരം | 56/111 | 18.06.2019 | തീയതി രേഖപ്പെടുത്തിയിട്ടില്ല |
| പ്രഭാകരൻ വി.എം. തെക്കേകുളച്ചിറ, ഉദയനാപുരം | 58/123 | 17.07.2019 | 16.01.2020 |
| <u>കർഷക തൊഴിലാളി പെൻഷൻ</u> | | | |
| മോഹിനി കെ, കുട്ടമിക്കടവിൽ, വൈക്കം | 85/24 | 23.05.2019 | 16.08.2019 |
| ശ്രീദേവി കെ.വി., പുറക്കാട്ട്, പടിഞ്ഞാറെക്കര പി.ഒ, | 88/41 | 26.11.2019 | 16.01.2020 |
| <u>വികലാംഗപെൻഷൻ</u> | | | |
| കൗസല്യ, ഏഴുപറ, ഉദയനാപുരം | 109/സീ.നം. ഇല്ല | 11.11.2019 | തുടർ നടപടി രേഖപ്പെടുത്തിയിട്ടില്ല |
| | | | |

| | | | |
|---|---|---|---|
| ഷീബ, ആലവേലിൽ, പനമ്പുകാട്, വൈക്കം | 113/33 | 19.03.20 | തുടർ നടപടി രേഖപ്പെടുത്തിയിട്ടില്ല |
| <u>വിധവാ പെൻഷൻ</u> | | | |
| ശ്രീജ, ഇടമിറ്റത്ത്ചിറ, ഉദയനാപുരം | 80/41 | 04.08.19 | 22.11.19 |
| ഉഷ, പൈപ്പുന്നയിൽ, വൈക്കപ്രയാർ | 76/36 | 03.09.19 | 22.11.2019 |

19.03.2020 ന് ശേഷം ലഭിച്ച വികലാംഗ പെൻഷൻ അപേക്ഷകൾ തീർപ്പാക്കിയതായി കാണുന്നില്ല. മേൽ പരാമർശം സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/23.06.2021 ന് മറുപടി ലഭ്യമാക്കിയില്ല. ക്ഷേമപെൻഷനുകളുടെ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. ഭരണ സമിതി ടി വിഷയം ഗൗരവമായി പരിഗണിക്കേണ്ടതും അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്.

## <u>1-23 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച വിവിധ പ്രോജക്ടുകളിലെ അപാകതകൾ</u>

1) മുണ്ട് കാട് വർക്ക് ഷെഡിൽ തുണിസഞ്ചി നിർമ്മാണയൂണിറ്റ് - പ്രവർത്തന ക്ഷമമായില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 150/20 |
| ചെലവ്, ഫണ്ടിനം | 432050 ( വികസനഫണ്ട് എസ്.സി.പി) |
| ബിൽ നമ്പർ , തീയതി | 6/26.6.19 |

പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) മുണ്ട് കാട് വർക്ക് ഷെഡിൽ തുണിസഞ്ചി നിർമ്മാണയൂണിറ്റ് രൂപീകരിക്കുന്നതിനായി 2018-19 വർഷം വികസനഫണ്ടിൽ നിന്നും 17950 രൂപ ചെലവഴിച്ച് തുണിസഞ്ചി നിർമ്മാണയൂണിറ്റിന് അസംസ്കൃത വസ്തു എന്ന നിലയിൽ നാഷണൽ ടെക്സ്റ്റൈൽസ് ഡെവലപ്പ് മെന്റ് കോർപ്പറേഷനിൽ നിന്നും 327.50 കിലോഗ്രാം കോറത്തുണി വാങ്ങിയിരുന്നു. വിവിധ എസ്.സി വിഭാഗത്തിൽ പെട്ട ഗ്രൂപ്പുകൾക്ക് പരിശീലനം നൽകി യൂണീറ്റ് പ്രവർത്തിപ്പിക്കുകയായിരുന്നു ലക്ഷ്യം. എന്നാൽ ആവശ്യമായ യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനും യൂണീറ്റുകളെ തെരഞ്ഞെടുത്ത് പരിശീലനം നൽകുന്നതിനും മുമ്പായി അസംസ്കൃത വസ്തുവായ കോറത്തുണി വാങ്ങി സൂക്ഷിച്ചത് ക്രമപ്രകാരമല്ല. 2018-19 ലെ ഈ വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ടിന്റെ ഖണ്ഡിക 1.28 ൽ ടി അപാകത പരാമർശിച്ചിട്ടുണ്ട്. നിലവിൽ ടി കോറത്തുണി മുണ്ട്കാട് വർക്ക് ഷോപ്പിൽ ഉപയോഗമില്ലാതെ സൂക്ഷിച്ച നിലയിലാണ്.

2) 2018-19 ൽ ടി പ്രോജക്ടിനായി ടെണ്ടർ ക്ഷണിക്കുകയും കെ.സി പപ്പു സൺസ് , ചിറ്റൂർ റോഡ് എറണാകുളം എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കകയും ചെയ്തു ( 28.2.19 ലെ 3(1) നമ്പർ കമ്മറ്റി തീരുമാനം) . 5.3.19 ൽ സപ്ളൈ ഓർഡർ നൽകുകയും ( നമ്പർ എ3 8959/18 തീയതി 5.3.19) 26.3.19 ൽ സ്ഥാപനം മുണ്ട് കാട് വർക്ക് ഷെഡിൽ 432050 രൂപയുടെ മെഷിനറി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു വർഷത്തെ വാറന്റിയാണ് സ്ഥാപനം വാഗ്ദാനം നൽകിയത്. സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടില്ല.

3) തുണിസഞ്ചി നിർമ്മാണയൂണിറ്റിനെ തെരഞ്ഞെടുത്തതായോ പരിശീലനം നൽകിയതായോ രേഖകളില്ല. മെഷിനറി സ്ഥാപിച്ച സ്ഥാപനമാണ് പരിശീലനം നൽകേണ്ടതെങ്കിൽ ആയത് കരാർ വ്യവസ്ഥയിൽ ചേർക്കേണ്ടിയിരുന്നു.

4) 23.6.21 തീയതിയിൽ വർക്ക് ഷോപ്പിൽ പ്രാദേശികപരിശോധന നടത്തുകയുണ്ടായി. വാറന്റി പീരിയഡ് കഴിഞ്ഞ മെഷീൻ നാളിതുവരെ പ്രവർത്തിപ്പിക്കാതെ നിഷ്ക്രിയ ആസ്തിയായ് വർക്ക് ഷോപ്പിൽ സൂക്ഷിച്ചിട്ടുണ്ട്.

5)2019-20 വർഷം തന്നെ മുണ്ട്കാട് തുണിസഞ്ചി നിർമ്മാണ യൂണീറ്റിനെ ഗാർമെന്റ് യൂണീറ്റാക്കിമാറ്റാൻ പദ്ധതി ആസൂത്രണം ചെയ്തെങ്കിലും നടപ്പാക്കിയില്ല.

അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നമ്പർ 15) നൽകുകയുണ്ടായി . സാധാരണ സ്റ്റിച്ചിംഗ് അറിയാവുന്ന കുടുംബശ്രീയിൽപ്പെട്ട സ്ത്രീകൾക്ക് പരിശീലനം നൽകാൻ ശ്രമിച്ചെങ്കിലും ജാക്ക് മെഷീൻ പ്രവർത്തിപ്പിക്കുന്നതിനുള്ള നൈപുണ്യം ആർക്കും ഉണ്ടായിരുന്നില്ലെന്നും പിന്നീട് കുടുംബശ്രീ ജില്ലാമിഷനെ

സമീപിച്ച് എം. ഇ സംരംഭകരെ പരിശീലനത്തിനായി അയച്ചെങ്കിലും മെഷീനിന്റെ പ്രവർത്തനം സംബന്ധിച്ച് പരിശീലനം നൽകാനുള്ള അറിവ് ടിയാൾക്കും ഇല്ലായിരുന്നു എന്നാണ് നിലവിലെ അസിസ്റ്റന്റ് സെക്രട്ടറി ലഭ്യമാക്കിയ മറുപടി . പരിശീലനാർത്ഥികളായി വിവിധ അയൽക്കൂട്ടങ്ങളിൽ നിന്ന് 15 വനിതകളെ തെരഞ്ഞെടുക്കുകയും 23.10.20 ൽ ഉൽഘാടനം നടത്തുകയും ചെയ്തു. ഒടുവിൽ മെഷീൻ സപ്ലൈ ചെയ്ത കമ്പനിയുമായി ബന്ധപ്പെട്ടപ്പോൾ പരിശീലനത്തിനായി ഒരു ട്രെയിനറെ 2020 ഫെബ്രുവരി മാസം മുതൽ വിട്ടുതരാമെന്ന് അറിയിച്ചെങ്കിലും കോവിഡ് 19 രോഗബാധമൂലം പരിശീലനം നടക്കാതെ





വന്നെന്ന് മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്.

വ്യക്തമായ ലക്ഷ്യവും ആസൂത്രണവുമില്ലാതെ പദ്ധതി നിർവ്വഹിച്ചതിനാൽ വലിയ തുക മുടക്കി വാങ്ങിയ യന്ത്രങ്ങൾ നിലവിൽ നശിച്ച് പോകുന്ന അവസ്ഥയിലാണ്. ഉണിസഞ്ചി നിർമ്മാണ യൂണീറ്റിനെ പ്രവർത്തന സജ്ജമാക്കാൻ ഭരണസമിതിയുടെ ഭാഗത്തുനിന്നും അടിയന്തിര ഇടപെടൽ ഉണ്ടാവേണ്ടതാണ്. വാറന്റി പീരിയഡ് കഴിഞ്ഞ ഉപകരണങ്ങൾ നിലവിൽ പ്രവർത്തനക്ഷമമാണോ എന്നും ഉറപ്പില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്. ആയതിലേക്കായി 432050 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2) കുന്നം പുറം കോളനിയിൽ പൊതുകിണർ പുനർ നിർമ്മാണം - ഫയൽ അപൂർണ്ണം

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 112/20 |
| ചെലവ്, ഫണ്ടിനം | 63700 (വികസനഫണ്ട് ടി.എസ്.പി) |
| ബിൽ നമ്പർ, തീയതി | 2/19-20,17.5.19 |

കുന്നം പുറം കോളനിയിൽ പൊതുകിണർ പുനർ നിർമ്മാണം എന്ന പ്രോജക്ടിനായി എസ്റ്റിമേറ്റ് നിരക്ക് ക്വോട്ട് ചെയ്ത ശ്രീ ജോയൻ എ.ജെ എന്നയാൾക്ക് കരാർ അംഗീകരിച്ച് നൽകി. ടി പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച് അസി. എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് , എം. ബുക്ക് , പ്രവൃത്തിയുടെ പൂർത്തീകരണ വിവരം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. 23.6.21 തീയതിയിൽ ടി സ്ഥലത്ത് പ്രാദേശികപരിശോധന നടത്തുകയുണ്ടായി. കുന്നം പുറം കോളനിയിൽ ഒരേ ഒരു പൊതുകിണറേ ഉള്ളൂ എന്നും ടി കിണറ്റിൽ നാളുകളായി നിർമ്മാണ പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല എന്നും പ്രദേശവാസികൾ വ്യക്തമാക്കി. ആയത് പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെടുകയും ചെയ്തു. ഏത് കിണറ്റിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതെന്നും ടി പ്രവൃത്തിക്ക് അസി. എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റും അളവ് പുസ്തകവും പൂർത്തീകരണ സർട്ടിഫിക്കറ്റും ആസ്തി രജിസ്റ്ററിന്റെ പകർപ്പ് സഹിതവും മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 5) വ്യക്തമായ മറുപടി ലഭ്യമായില്ല. 28.2.19 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 6(2) നമ്പർ തീരുമാന പ്രകാരം പട്ടികവർഗ്ഗ ഗുണഭോക്താവിന്റെ ഉടമസ്ഥതയിലുള്ള ടി കിണറിന്റെ പുനർനിർമ്മാണം വ്യക്തിഗത പദ്ധതിയായി നടപ്പാക്കുന്നതിന് കോ ഓർഡിനേഷൻ കമ്മറ്റിയുടെ അനുവാദത്തിനായി കത്ത് നൽകാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോ ഓർഡിനേഷൻ കമ്മറ്റിയുടെ അനുവാദം ലഭിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. വ്യക്തിഗത ഗുണഭോക്താവിന്റെ കിണറിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നതിനായി

ചെലവഴിച്ച63700 രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ഉത്തരവാദിയായ അസി. സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.



3)എസ് .സി വീട് മെയിന്റനൻസ് - വാല്യുവേഷനില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 152/20 |
| ചെലവ്, ഫണ്ടിനം | 50000 (വികസനഫണ്ട് എസ്.സി.പി) |
| ബിൽ നമ്പർ, തീയതി | ബിൽ നമ്പർ 9/26.7.19<br>ബിൽ നമ്പർ 14/19.9.19 |

വീട് മെയിന്റനൻസ് പൂർത്തിയാക്കിയതിന് ശ്രീ പുഷ്പകുമാർ , നികർത്തിൽ എന്ന ഗുണഭോക്താവിന് 50000 രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ടിയാൻ പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വാല്യുവേഷൻ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 5) വ്യക്തമായ മറുപടി ലഭ്യമായില്ല.അപാകത പരിഹരിക്കുന്നതിലേക്കായി 50000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

4) എസ്.റ്റി കുടുംബങ്ങളിൽ സൗര ഗാർഹിക വൈദ്യുതി സംവിധാനം- അധികമായി സബ്സിഡി അനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 109/20 |
| ചെലവ്, ഫണ്ടിനം | 111500 (വികസനഫണ്ട് റ്റി.എസ്.പി)<br>8500 ( തനത് ഫണ്ട്) |
| ബിൽ നമ്പർ, തീയതി | ബിൽ നമ്പർ 11/5.9.19<br>ബിൽ നമ്പർ 19/16.12.19 |

പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു .

1)തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 2.6.17 ലെ ഡി.എ1 244/17 നമ്പർ സർക്കുലറിലെ ഊർജ്ജ സംരക്ഷണ നയങ്ങളുടെ ഭാഗമായി ഉദയനാപുരം ഗ്രാമപഞ്ചായത്തിലെ 5 എസ് .റ്റി വിഭാഗത്തിൽ പെട്ട ഗുണഭോക്താക്കൾക്ക് 100 W DC SOLAR SYSTEM സപ്ലൈ ചെയ്യുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. അനർട്ടിന്റെ അംഗീകാരമുള്ള ഹൈക്കൺ ഇൻഡ്യ ലിമിറ്റഡ് എന്ന സ്ഥാപനത്തിനായിരുന്നു നിർവ്വഹണ ചുമതല. അനർട്ടിന്റെ 6.3.19 ലെ 12/HLS/ANERT(KT)/18-19 നമ്പർ കത്ത് പ്രകാരം ഒരു യൂണിറ്റ് 100 W DC SOLAR SYSTEM സ്ഥാപിക്കുന്നതിന് 20000 രൂപയാണ് നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

നൽകിയ തുക --- യൂണിറ്റിന് 22857 നിരക്കിൽ 5 യൂണിറ്റിന് 114285 ( ജി.എസ്.റ്റി ഉൾ പ്പെടെ 120000)

നൽകാവുന്ന തുക --- യൂണിറ്റിന് 20000 നിരക്കിൽ 5 യൂണിറ്റിന് 100000

അധികമായി നൽകിയത്- 14285

2) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.2.18 ലെ ജി.ഒ (എം.എസ്) നം 22/2018 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 6.9 (3) പ്രകാരം സൗരഗാർഹിക വൈദ്യുതി സംവിധാനത്തിന് പരമാവധി നൽകാവുന്ന സബ്സിഡി 50 % ആണ്.

നൽകാവുന്ന തുക – 10000 X 5 =50000

നൽകിയ തുക – 120000

അധികമായി നൽകിയ തുക = 70000

3) അസിസ്റ്റന്റ് സെക്രട്ടറി 3.8.19 ൽ എ3 8959/18 നമ്പർ കത്ത് പ്രകാരം ഇൻസ്റ്റാൾ ചെയ്ത സോളാർ സിസ്റ്റത്തിന്റെ പ്രവർത്തന ക്ഷമത പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകാൻ അനർട്ടിന് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ അനർട്ട് പ്രവർത്തന ക്ഷമത സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ പരാമർശിച്ചിട്ടുള്ള അപാകതകകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 5) വ്യക്തമായ മറുപടി ലഭിച്ചില്ല. അതിനാൽ അധികമായി ചെലവഴിച്ച 70000 രൂപയുടെ ചെലവ് നിരാകരിക്കുന്നു . തുക ഉത്തരവാദിയായ അസി. സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-24 സെക്രട്ടറി നിർവ്വഹിച്ച വിവിധ പ്രോജക്ടുകളിലെ അപാകതകൾ

1) സ്ട്രീറ്റ് ലൈറ്റ് വാർഷിക അറ്റകുറ്റപ്പണി - അധികമായി തുക ചെലവഴിച്ചു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 142/20 |
| ചെലവ് | 207800 (തനത് ഫണ്ട്) |
| | വൗച്ചർ നമ്പർ-21900824/30.11.19<br>വൗച്ചർ നമ്പർ-21900965/5.2.20 |

2018-19 വർഷം സ്ട്രീറ്റ് ലൈറ്റ് വാർഷിക അറ്റകുറ്റപ്പണി ക്കായി രൂപീകരിച്ച പ്രോജക്ട് (നമ്പർ 12/19) തൻ വർഷം സ്പില്ലോവറായി തുടർന്നു. സ്ട്രീറ്റ് ലൈറ്റ് വാർഷിക അറ്റകുറ്റപ്പണി നടത്തിയതിന് കരാറുകാരനായ ശ്രീ വി.ഡി ഷാജി , രാജഭവനം എന്നയാൾ 493000 രൂപ 18-19 ൽ ഡിമാന്റ് ചെയ്തിരുന്നു. 2018-19 വർഷം കരാറുകാരന് 292200 രൂപ (197200 + 95000) ആദ്യഗഡു നൽകിയിരുന്നു. 2019-20 വർഷം കരാറുകാരന് 207800 രൂപയും (112800+ 95000) നൽകി. അങ്ങനെ രണ്ട് സാമ്പത്തിക വർഷങ്ങളിലുമായി ആകെ 500000 രൂപ കരാറുകാരന് നൽകി. കരാറുകാരൻ ഡിമാന്റ് ചെയ്ത 493000 രൂപയിൽ അധികമായി 7000 രൂപ ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ ) മറുപടി ലഭ്യമായിട്ടില്ല. അധികമായി ചെലവഴിച്ച 7000 രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

2) ഉമ്പൂർ മുഴി മോഡൽ ഖരമാലിന്യ സംസ്കരണം - നാളിതുവരെ പ്രവർത്തന ക്ഷമമായില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 146/20 |
| ചെലവ് | 130000 (ശുചിത്വമിഷൻ വിഹിതം) |
| | ചെക്ക് നമ്പർ-2875389/11.3.20 |

ഉദയനാപുരം ഗ്രാമപഞ്ചായത്തിൽ ശുചിത്വമിഷൻ ഫണ്ട് ഉപയോഗിച്ച് പി.എച്ച് . സി ഉദയനാപുരം , ഗ്രാമപഞ്ചായത്ത് ഓഫീസ് , നാനാടം മാർക്കറ്റ് എന്നീ സ്ഥലങ്ങളിൽ ഉമ്പൂർ മുഴി മോഡൽ ഖരമാലിന്യ സംസ്കരണയൂണിറ്റ് സ്ഥാപിക്കാനും അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ മുഖേന നടപ്പിലാക്കാനും തീരുമാനിച്ചു ( ഭരണസമിതിയുടെ 16.11.18 ലെ 1(25) നമ്പർ തീരുമാനം). അടങ്കൽ തുകയായ 650000 രൂപയുടെ 20% ആയ 130000 രൂപ തൻവർഷം സ്ഥാപനത്തിന് കൈമാറി. 2020-21 ൽ ബാക്കി തുക കൈമാറിയിട്ടുണ്ട്. 23.6.21 ന് ഉദയനാപുരം പി.എച്ച് . സി യിൽ പ്രാദേശിക പരിശോധന നടത്തുകയുണ്ടായി. 20.3.20 ൽ നിർമ്മാണം പൂർത്തിയാക്കിയ ഖരമാലിന്യ സംസ്കരണയൂണീറ്റ് നിലവിൽ പ്രവർത്തിപ്പിക്കാത്ത അവസ്ഥയിലാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ19/25.06.2021) മറുപടി ലഭ്യമായില്ല. യൂണീറ്റ് പ്രവർത്തന സജ്ജമാക്കുന്നതിലേക്കായി 130000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.



3) പൂർത്തീകരണ സാക്ഷ്യപത്രം ലഭിക്കാത്ത പ്രവൃത്തികൾ.

ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമായിട്ടില്ല.

1) എസ്.സി കുടുംബങ്ങൾ താമസിക്കുന്ന സ്ഥലങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും 184000 രൂപ പിൻവലിച്ച് ( ബിൽ നമ്പർ 1/19-20 തീയതി 30.4.19, ബിൽ നമ്പർ 2/19-20 തീയതി 30.4.19, ബിൽ നമ്പർ 6/19-20 തീയതി 21.5.19) വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്.12.4.19 ൽ കരാറിലുമേർപ്പെട്ടു . എന്നാൽ കരാറിൽ പൂർത്തീകരണ തീയതി രേഖപ്പെടുത്തിയിട്ടില്ല.

2) ഹെൽത്ത് സെന്റർ വൈപ്പനറയിൽ ക്ഷേത്രം റോഡിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ എന്ന പ്രോജക്ടിനായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 90000 രൂപ പിൻവലിച്ച് ( ബിൽ നമ്പർ 57,58/19-20 തീയതി 31.3.20 ) വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. 25.3.20 ൽ കരാറിലുമേർപ്പെട്ടു. കരാറിൽ പൂർത്തീകരണ തീയതി രേഖപ്പെടുത്തിയിട്ടില്ല.

3) എസ്.എസ് .എ വിഹിതം അടവാക്കൽ എന്ന പ്രോജക്ടിനായി ( നമ്പർ 1/20) വികസനഫണ്ടിൽ നിന്നും ബിൽ നമ്പർ 8/21, തീയതി 21.5.19 പ്രകാരം 450000 രൂപ പിൻവലിച്ച് ജില്ലാ പ്രോജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. വിനിയോഗവിവരം ലഭ്യമായിട്ടില്ല.

വിനിയോഗവിവരം ലഭ്യമാക്കുന്നതിലേക്കായി 724000 രൂപയുടെ ചെലവ് ( 184000 + 90000 + 450000) തടസ്സപ്പെടുത്തുന്നു.

## 1-25 ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ.

2019-20 വർഷം ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹിച്ച വിവിധ പ്രോജക്ടുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) മൽസ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ്- വിതരണ വിവരമില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 10/2020 |
| ചെലവ്, ഫണ്ടിനം , ബിൽനമ്പർ/ തീയതി | 119912 (വികസന ഫണ്ട് ജനറൽ )<br>ബിൽ നമ്പർ 2/19-20, 23.12.19<br>100000 (ബ്ളോക്ക് ഷെയർ)<br>ബിൽ നമ്പർ 4/19-20, 28.02.20 |

മേൽ പ്രോജക്ട് പ്രകാരം കെൽ ട്രോണിൽ നിന്നും 8 ലാപ്ടോപ്പുകൾ വാങ്ങി 8 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയായിരുന്നു ലക്ഷ്യം. കെൽട്രോണിൽ നിന്നുള്ള ഇൻവോയ്സ് പ്രകാരം ( നമ്പർ 11178/13.11.19) ഒരു ലാപ് ടോപ്പിന് 27489 രൂപ പ്രകാരം 219912 രൂപ കെൽട്രോണിന് നൽകുകയും ചെയ്തു. എന്നാൽ ലാപ്ടോപ്പുകൾ പർച്ചേസ് ചെയ്തതിന്റെ വിശദാംശങ്ങളോ വിതരണം ചെയ്തതിന്റെ വിശദാംശങ്ങളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. . അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ4/22.06.2021) , നാളിതുവരെ കെൽ ട്രോണിൽ നിന്നും ലാപ്ടോപ്പുകൾ ലഭ്യമായില്ല എന്ന മറുപടിയാണ് ലഭിച്ചത് . ഗുണഭോക്താക്കൾക്ക് ലാപ് ടോപ്പുകൾ വിതരണം ചെയ്തതിന് ശേഷം വിവരം അറിയിക്കേണ്ടതാണ്. അതിലേക്കായി 219912രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2) മൽസ്യത്തൊഴിലാളികൾക്ക് വള്ളവും വലയും -രേഖകൾ അപൂർണ്ണം

മൽസ്യത്തൊഴിലാളികൾക്ക് വള്ളവും വലയും എന്ന പ്രോജക്ടിനായി ജനറൽ ,എസ് .സി വിഭാഗത്തിലായി രണ്ട് പ്രോജക്ടുകൾ തൻവർഷം നടപ്പാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | വികസനഫണ്ട് വിഹിതം,ബിൽ നമ്പർ/തീയതി | ഗുണഭോക്തൃവിഹിതം , ബിൽ നമ്പർ/ തീയതി | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 12/20 വള്ളവും വലയും( എസ്.സി ) | 17250 , 10/19-20, 31.3.20 | 46500 ,ചെക്ക് നമ്പർ 56624/24.2.20 | 10 |
| 1/20, വള്ളവും വലയും ( ജനറൽ) | 232500, 3/19-20, 20.1.20 9/19-20, 31.3.20 | 77500 56625/24.2.20 | 10 |

ഫയലിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) രണ്ട് പ്രോജക്ടുകളിലുമായി 10 ഗുണഭോക്താക്കളുടെ വീതം അപേക്ഷകളാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത് . വള്ളവും വലയും പർച്ചേസ് ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല.. വള്ളത്തിന്റെ വിലയുടെ 75 ശതമാനവും വലയുടെ വിലയുടെ 25 ശതമാനവുമാണ് സബ്സിഡി അനുവദിക്കുന്നത്. ഗുണഭോക്താക്കൾ മൽസ്യഫെഡിൽ നിന്നും നേരിട്ട് വല വാങ്ങുകയും സബ്സിഡി തുക മൽസ്യഫെഡിന് നൽകുകയുമാണ് ചെയ്തിരിക്കുന്നത്. എന്നാൽ മൽസ്യഫെഡിൽ നിന്നും ഗുണഭോക്താക്കൾ വല വാങ്ങിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പർച്ചേസ് ഇൻവോയ്സ് ഗുണഭോക്താക്കളിൽ നിന്ന് വാങ്ങി ഫയലിൽ സൂക്ഷിക്കാമെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചു.

2) പി. ജി ജോസഫ് , പുന്നക്കൽ എന്നയാൾക്കാണ് വള്ളം വിതരണം ചെയ്യാനുള്ള ടെണ്ടർ അംഗീകാരം നൽകിയത് ( യൂണീറ്റിന് 29000 രൂപ). എന്നാൽ ടിയാനിൽ നിന്നും ഗുണഭോക്താക്കൾ വള്ളം കൈപ്പറ്റിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല.

അപാകതകൾ പരിഹരിച്ച് രേഖകൾ ലഭ്യമാക്കാമെന്ന് ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടി നൽകി . അപാകതകൾ പരിഹരിക്കുന്നതുവരെ 249750/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 കിരണം 2019 സ്കോളർഷിപ്പ് (കുട്ടികൾ) പ്രോജക്ട്-അപാകതകൾ

2019-20 വർഷം ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി തനത്ഫണ്ടിൽ നിന്നും 42102 രൂപ ചെലവഴിച്ച് നടപ്പാക്കിയ പ്രോജക്ടാണ് (നം.99/20)കിരണം 2019 സ്കോളർഷിപ്പ് (കുട്ടികൾ). പഞ്ചായത്തിലെ 1 മുതൽ7 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് സ്കോളർഷിപ്പ് പരീക്ഷ നടത്തുന്നതിന് മുന്നോടിയായി ,ഇതുമായി ബന്ധപ്പെട്ട് അധ്യാപകർ തയ്യാറാക്കിയ കൈപ്പുസ്തകം പ്രിന്റ് ചെയ്തവകയിലാണ് പ്രസ്തുത തുക നൽകിയിട്ടുള്ളത് (ബിൽ നം.286/12.02.20) .പ്രസ്തുത പ്രോജക്ട് മാർഗ്ഗരേഖയിൽ ഇല്ലാത്തതിനാൽ നടപ്പാക്കുന്നതിനായി സ്റ്റേറ്റ് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി വാങ്ങുന്നതിന് 04.01.2020 ലെ ജനറൽകമ്മിറ്റിയിൽ 18(6) നമ്പർ തീരുമാനം എടുത്തിരുന്നു. ഇപ്രകാരം അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.16/24.06.21) കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ലഭിച്ചിട്ടില്ലായെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ അനുമതി ലഭ്യമാകുന്നത് വരെ 42102 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 ഗ്ലൂക്കോ മീറ്ററുകൾ ലഭ്യമായിട്ടില്ല.

| പ്രോജക്ട് നമ്പർ | പ്രോജക്ട് നമ്പർ 103/20 |
|---|---|

| | |
|---|---|
| | -വയോജനങ്ങൾക്ക് ഗ്ലൂക്കോ മീറ്റർ വിതരണം. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 138880- {138260(പൊതു വിഭാഗം) + 620 (തനത് ഫണ്ട്)} |
| ചെലവ് | ബിൽ നമ്പർ 14-103-Glvo-2019-20; തീയതി 26.02.20; 73782/- രൂപ. |

ഗ്രാമപഞ്ചായത്തിലെ വയോജനങ്ങൾക്ക് വിതരണം ചെയ്യുന്നതിന് 100 ഗ്ലൂക്കോ മീറ്ററുകൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് 73782 രൂപ ട്രാൻസ്ഫർ ചെയ്യുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചു. (ഉദയനാപുരം ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 04.01.20 തീയതിയിലെ 12(1) നമ്പർ തീരുമാനം). ആയത് പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ 3624001800000019 നമ്പർ അക്കൗണ്ടിലേക്ക് പ്രസ്തുത തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ പരിശോധനക്ക് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ പ്രസ്തുത ഗ്ലൂക്കോ മീറ്ററുകൾ ലഭ്യമായതായി രേഖപ്പെടുത്തിയിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 5) ഗ്ലൂക്കോ മീറ്റർ ലഭ്യമമാക്കുന്നതിനായി കെ.എം.സ്.സി.എലുമായി പല തവണ ബന്ധപ്പെട്ടെങ്കിലും നാളിതു വരെ ഗ്ലൂക്കോ മീറ്റർ ലഭ്യമായിട്ടില്ലയെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ നടത്തിയ 73782 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 എച്ച്.എം നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - ഫയലുകൾ ഹാജരാക്കിയില്ല

2019-20 വർഷം എച്ച്.എം സ്പിൽ ഓവർ ആയി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ട് ഫയലുകളും അനുബന്ധ രേഖകളും പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

| പ്രോജക്ട് നം | പേര് | ചെലവ് | ഫണ്ടിനം |
|---|---|---|---|
| 121/20 | സർക്കാർ സ്കൂളുകളിലേക്ക് ഉച്ചഭക്ഷണവിതരണ പാത്രങ്ങൾ വാങ്ങൽ | 300000 | സംരക്ഷണ ഗ്രാന്റ്(റോഡിതരം) |
| 122/20 | ബാലസഭ | 47040 | വികസനഫണ്ട് |
| 124/20 | സർക്കാർ സ്കൂളുകളിൽ ആനുകാലിക പ്രസിദ്ധീകരണങ്ങൾ | 109975 | വികസനഫണ്ട് |
| 125/20 | യോഗ പരിശീലനം | 50000 | വികസനഫണ്ട് |
| | ആകെ | 507015 | |

പ്രസ്തുത ഫയലുകളും അനുബന്ധരേഖകളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് റിക്വസിഷന് (നം.3/24.06.21) മറുപടിയായി സ്കൂൾ ഇപ്പോൾ കോവിഡ് കരുതൽ കേന്ദ്രമായി പ്രവർത്തിക്കുന്നതിനാൽ ഓഫീസിൽ നിന്നും ഫയലുകൾ എടുക്കുവാൻ പറ്റാത്ത അവസ്ഥയാണെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ഫയലുകൾ പരിശോധനയ്ക്കായി ഹാജരാക്കുന്നത് വരെ 507015 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 വിവിധ കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കിയത് സംബന്ധിച്ച്.

ചുവടെ ചേർക്കുന്ന വിവിധ കമ്മറ്റി തീരുമാനങ്ങൾ നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ രേഖാമൂലം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3/21.06.2021 ) മറുപടി ലഭ്യമായില്ല.

| ക്രമ നമ്പർ | കമ്മറ്റി തീയതി | തീരുമാനം |
|---|---|---|
| 1 | 29.5.19 | വി.ഇ.ഒ ഓഫീസിലെ |

| | | |
|---|---|---|
| | ലെ 5 | ശുചിത്വമിഷൻ അക്കൗണ്ടിൽ (നമ്പർ 67027500697) ബാലൻസുള്ള തുക (142814 രൂപ) അക്കൗണ്ട് ക്ലോസ്സ് ചെയ്ത് തിരികെ അടക്കാൻ വി.ഇ.ഒ യെ ചമതലപ്പെടുത്തി. |
| 2 | 26.9.19 അജണ്ട 13 | വാട്ടർ അതോറിറ്റി, ഉപയോഗശൂന്യമായ ടാപ്പുകൾക്കും വാട്ടർ ചാർജ് ഈടാക്കുന്നു. സംയുക്ത പരിശോധന നടത്താൻ വാട്ടർ അതോറിറ്റി എ.എക്സ്.ഇ യോട് അഭ്യർത്ഥിച്ച് തീരുമാനിച്ചു. |
| 3 | 26.9.19 അജണ്ട 16 തീരുമാനം 10 | 2009-10 ൽ ആരംഭിച്ച ഇ.എം.എസ് ഭവനപദ്ധതിയിൽ അക്കൗണ്ടിൽ ( നമ്പർ 3558 ഉദയനാപരം എസ്.സി.ബി) ബാലൻസുള്ള തുക തനത് ഫണ്ടിലേക്ക് അടച്ച് അക്കൗണ്ട് ക്ളോസ്സ് ചെയ്യാൻ തീരുമാനം. |
| 4 | 25.10.19 ലെ അജണ്ട 2 | ഹരിത കർമ്മ സേന ശേഖരിക്കുന്ന ജൈവ മാലിന്യങ്ങളും അജൈവ മാലിന്യങ്ങളും ശേഖരിക്കാൻ എം.സി.എഫ് സ്ഥാപിക്കാൻ തീരുമാനിച്ചു. ആയതിന് വാടകയും നിശ്ചയിച്ചു. |
| 5 | 25.10.19 ലെ അജണ്ട 5 തീരുമാനം 3 | എല്ലാ മാസവും വാട്ടർ അതോറിറ്റിയുടെ ബില്ലിൽ ഫൈൻ തുക കൂടി വരുന്നു. ആയതിന്റെ കാരണം ആരാഞ്ഞ് അസി. എഞ്ചിനീയർക്ക് കത്ത് നൽകാൻ തീരുമാനം. |
| 6 | 30.10.19 ലെ അജണ്ട 6 തീരുമാനം 1 | ഗ്രാമ ന്യായാലയം കെട്ടിടത്തിന്റെ വാടക PWD നിശ്ചയിച്ച നിരക്കിൽ ഈടാക്കാൻ തീരുമാനം. |

മേൽ സൂചിത വിവിധ കമ്മറ്റി തീരുമാനങ്ങൾ നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ രേഖാമൂലം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-30 സംഘടനകളുടെ കത്തുകളുടെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകിയിരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | പ്രോജക്ട് നമ്പർ 78/20 വയോജനങ്ങൾക്ക് കട്ടിൽ (എസ്.സി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 200100- {200000(എസ്.സി.പി) + 100 (തനത് |

| | |
|---|---|
| | ഫണ്ട്)} |
| ചെലവ് | ബിൽ നമ്പർ 17-78-Cot-2019-20; തീയതി 30.01.20; 200000/- രൂപ. തനത് ഫണ്ടിൽ നിന്ന് ട്രാൻഫർ 100 രൂപ (ചെക്ക് നം 57474 തീയതി 25.01.20 രൂപ2942). |

എസ്.സി വിഭാഗത്തിൽ ഉൾപ്പെട്ട വയോജനങ്ങൾക്ക് നൽകുന്നതിനായി 46 കട്ടിലുകൾ എത്തിച്ച് തരുന്നതിന് കേരള ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 2001000രൂപ നൽകിയിട്ടുണ്ട് (ഒരു കട്ടിലിന് 4350 രൂപ നിരക്കിൽ). പ്രസ്തുത പ്രോജക്ടിന്റെ രേഖകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ തങ്ങൾ സംവരണ വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെന്ന് തെളിയിക്കുന്നതിനായി തഹസിൽദാർ നൽകുന്ന ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതിന് പകരം സംഘടനകൾ നൽകിയിരിക്കുന്ന കത്തുകൾ ഹാജരാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം കൈപ്പറ്റുകയും ചെയ്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | അപാകത |
|---|---|---|
| 1 | മണിയൻ നെടുങ്ങാട്ടിൽ | ആനുകൂല്യം ലഭിക്കുന്നതിനായി ഹാജരാക്കിയിരിക്കുന്നത് കേരള പുലയ മഹാസഭ ഉദയനാപുരം ബ്രാഞ്ച് സെക്രട്ടറിയുടെ കത്താണ്. |
| 2 | മാലതി നാങ്കിടാക്കൽ | ആനുകൂല്യം ലഭിക്കുന്നതിനായി ഹാജരാക്കിയിരിക്കുന്നത് കേരള വേലൻ മഹാ ജന സഭ ഉദയനാപുരം ബ്രാഞ്ച് സെക്രട്ടറിയുടെ കത്താണ്. |
| 3 | കുട്ടി കലശക്കരി | ആനുകൂല്യം ലഭിക്കുന്നതിനായി ഹാജരാക്കിയിരിക്കുന്നത് കേരള പുലയ മഹാസഭ കോടിയാട് ബ്രാഞ്ച് സെക്രട്ടറിയുടെ കത്താണ്. |
| 4 | രാഘവൻ നികർത്തിൽ | ആനുകൂല്യം ലഭിക്കുന്നതിനായി ഹാജരാക്കിയിരിക്കുന്നത് കേരള പുലയ മഹാസഭ ചെട്ടിമംഗലം ബ്രാഞ്ച് സെക്രട്ടറിയുടെ കത്താണ്. |
| 5 | രാഘവന് ഏഴുപാറ | ആനുകൂല്യം ലഭിക്കുന്നതിനായി ഹാജരാക്കിയിരിക്കുന്നത് കേരള പുലയ മഹാസഭ ഉദയനാപുരം ബ്രാഞ്ച് സെക്രട്ടറിയുടെ കത്താണ്. |
| 6 | ജാനകി വാഴതക്കാട് | ആനുകൂല്യം ലഭിക്കുന്നതിനായി ഹാജരാക്കിയിരിക്കുന്നത് കേരള പുലയ മഹാസഭ വല്ലകം ബ്രാഞ്ച് സെക്രട്ടറിയുടെ കത്താണ്. |

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 6) ഗുണഭോക്തൃ സേവനം വേഗം ലഭ്യമാക്കുന്നതിനായി ജാതി സർട്ടിഫിക്കറ്റ് ഉടനെ ലഭ്യമാക്കുമെന്ന ഗുണഭോക്താക്കളുടെ ഉറപ്പിന്മേലാണ് പദ്ധതി നിർവ്വഹണം നടത്തിയതെന്നും കോവിഡ് പടർന്നു പിടിച്ച സാഹചര്യത്തിൽ ഗുണഭോക്താക്കൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ സാധിക്കാതെ വരികയുമായിരുന്നെന്ന് മറുപടി നൽകിയിട്ടുണ്ട്. തഹസിൽദാർ നൽകുന്ന ജാതി സർട്ടിഫിക്കറ്റിന് പകരം സംഘടനകൾ നൽകിയിരിക്കുന്ന കത്തുകളുടെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകിയ നടപടി ക്രമപ്രകാരമുള്ളതല്ല. പ്രസ്തുത ഗുണഭോക്താക്കൾ സംവരണ വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെന്ന് തെളിയിക്കുന്ന തഹസിൽദാർ നൽകുന്ന ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കി അപാകത പരിഹരിക്കേണ്ടതാണ്. കട്ടിൽ വാങ്ങുന്നതിനായി പരാമർശിത 6 ഗുണഭോക്താക്കൾക്ക് വേണ്ടി നടത്തിയ ചെലവ് (4350*6=26100 രൂപ) തടസ്സപ്പെടുത്തുന്നു.

## 1-31 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ- 15/20- പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

അടങ്കൽ- 2000000/- (വികസനഫണ്ട്) 500000+സംസ്ഥാനവിഷ്കൃതം-500000+ഗുണ.വിഹിതം-100000

ചെലവ്- 500000/- (ബിൽ നമ്പർ- 2/19-20; തീയതി- 16.11.19)

2019-20 വർഷം വെറ്ററിനറി സർജൻ നിർവഹണം നടത്തിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി എന്ന പ്രോജക്ട് പ്രകാരം 80 ഗുണഭോക്താക്കൾക്ക് 6250/- രൂപ വീതം 500000/- രൂപ

തദ്ദേശസ്ഥാപനവിഹിതമായി മൃഗസംരക്ഷണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക്( നം 70801140000050) നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല. പദ്ധതിക്കായി കൈമാറിയ തുകയുടെ വിനിയോഗവിശദാംശങ്ങൾ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റിൽ വിവരം രേഖാമൂലം അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

–

2-1) ഓഡിറ്റ് റിപ്പോർട്ട് ഭാഗം-1 ൽ ഉൾപ്പെട്ട വരവ് സംബന്ധമായ പരാമർശങ്ങളിൽ വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്നവ-ഇല്ല

## ഭാഗം -3

### 3-1 വക്കീൽ ഫീസ് നൽകിയതിൽ അപാകതകൾ

I. 18/02/16 ലെ സ.ഉ(എം.എസ്)36/16/ത.സ്വ.ഭ.വ പ്രകാരം കേസ് നടത്തിപ്പിനായി ഒരു കേസിന് വക്കീലിന് നൽകാവുന്ന പരമാവധി ഫീസ് 15000 രൂപയാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും അഡ്വ.എസ്.രാജ് മോഹന് WPC No.6623/17 കേസ് നടത്തിപ്പിനായി കോടതിയിൽ ഹജരായ ഇനത്തിൽ ടിയാളുടെ അപേക്ഷ പരിഗണിച്ച് 22000 രൂപ വക്കീൽ ഫീസായി നൽകിയിട്ടുണ്ട്(ചെക്ക് നം.552243/10.06.2019 ,വൗച്ചർ നം.21900228/16.06.19) .ഇപ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി വക്കീൽ ഫീസ് ഇനത്തിൽ അധികമായി തുക നൽകിയതിനുള്ള വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12(I)/23.06.21) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അധികമായി നൽകിയ 7000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 3-2 കുന്നും പുറം കോളനിയിൽ പൊതുകിണർ പുനർ നിർമ്മാണം--ഫയൽ അപൂർണ്ണം

കുന്നും പുറം കോളനിയിൽ പൊതുകിണർ പുനർ നിർമ്മാണം എന്ന പ്രോജക്ടിനായി എസ്റ്റിമേറ്റ് നിരക്ക് ക്വോട്ട് ചെയ്ത ശ്രീ ജോയൻ എ.ജെ എന്നയാൾക്ക് കരാർ അംഗീകരിച്ച് നൽകി. ടി പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച് അസി. എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് , എം. ബുക്ക് , പ്രവൃത്തിയുടെ പൂർത്തീകരണ വിവരം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. 23.6.21 തീയതിയിൽ ടി സ്ഥലത്ത് പ്രാദേശികപരിശോധന നടത്തുകയുണ്ടായി. കുന്നും പുറം കോളനിയിൽ ഒരേ ഒരു പൊതുകിണറേ ഉള്ളൂ എന്നും ടി കിണറ്റിൽ നാളുകളായി നിർമ്മാണ പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല എന്നും പ്രദേശവാസികൾ വ്യക്തമാക്കി. ആയത് പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെടുകയും ചെയ്തു. ഏത് കിണറ്റിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതെന്നും ടി പ്രവൃത്തിക്ക് അസി. എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റും അളവ് പുസ്തകവും പൂർത്തീകരണ സർട്ടിഫിക്കറ്റും ആസ്തി രജിസ്റ്ററിന്റെ പകർപ്പ് സഹിതവും മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 5) വ്യക്തമായ മറുപടി ലഭ്യമായില്ല. 28.2.19 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 6(2) നമ്പർ തീരുമാന പ്രകാരം പട്ടികവർഗ്ഗ ഗുണഭോക്താവിന്റെ ഉടമസ്ഥതയിലുള്ള ടി കിണറിന്റെ പുനർനിർമ്മാണം വ്യക്തിഗത പദ്ധതിയായി നടപ്പാക്കുന്നതിന് കോ ഓർഡിനേഷൻ കമ്മറ്റിയുടെ അനുവാദത്തിനായി കത്ത് നൽകാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോ ഓർഡിനേഷൻ കമ്മറ്റിയുടെ അനുവാദം ലഭിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. വ്യക്തിഗത ഗുണഭോക്താവിന്റെ കിണറിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നതിനായി ചെലവഴിച്ച63700 രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ഉത്തരവാദിയായ അസി. സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.



## 3-3 എസ്.റ്റി കുടുംബങ്ങളിൽ സൗര ഗാർഹിക വൈദ്യുതി സംവിധാനം- അധികമായി സബ്സിഡി അനുവദിച്ചു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 109/20 |
| ചെലവ്, ഫണ്ടിനം | 111500 (വികസനഫണ്ട് റ്റി.എസ്.പി)<br>8500 ( തനത് ഫണ്ട്) |
| ബിൽ നമ്പർ, തീയതി | ബിൽ നമ്പർ 11/5.9.19<br>ബിൽ നമ്പർ 19/16.12.19 |

പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു .

1)തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 2.6.17 ലെ ഡി.എ1 244/17 നമ്പർ സർക്കുലറിലെ ഊർജ്ജ സംരക്ഷണ നയങ്ങളുടെ ഭാഗമായി ഉദയനാപുരം ഗ്രാമപഞ്ചായത്തിലെ 5 എസ് .റ്റി വിഭാഗത്തിൽ പെട്ട ഗുണഭോക്താക്കൾക്ക് 100 W DC SOLAR SYSTEM സപ്ലൈ ചെയ്യുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. അനർട്ടിന്റെ അംഗീകാരമുള്ള ഹൈക്കൺ ഇൻഡ്യ ലിമിറ്റഡ് എന്ന സ്ഥാപനത്തിനായിരുന്നു നിർവ്വഹണ ചുമതല. അനർട്ടിന്റെ 6.3.19 ലെ 12/HLS/ANERT(KT)/18-19 നമ്പർ കത്ത് പ്രകാരം ഒരു യൂണീറ്റ് 100 W DC SOLAR SYSTEM സ്ഥാപിക്കുന്നതിന് 20000 രൂപയാണ് നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

നൽകിയ തുക --- യൂണിറ്റിന് 22857 നിരക്കിൽ 5 യൂണിറ്റിന് 114285 ( ജി.എസ്.റ്റി ഉൾ പ്പെടെ 120000)

നൽകാവുന്ന തുക --- യൂണിറ്റിന് 20000 നിരക്കിൽ 5 യൂണിറ്റിന് 100000

അധികമായി നൽകിയത്- 14285

2) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.2.18 ലെ ജി.ഒ (എം.എസ്) നം 22/2018 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 6.9 (3) പ്രകാരം സൗരഗാർഹിക വൈദ്യുതി സംവിധാനത്തിന് പരമാവധി നൽകാവുന്ന സബ്സിഡി 50 % ആണ്.

നൽകാവുന്ന തുക – 10000 X 5 =50000

നൽകിയ തുക – 120000

അധികമായി നൽകിയ തുക = 70000

3) അസിസ്റ്റന്റ് സെക്രട്ടറി 3.8.19 ൽ എ3 8959/18 നമ്പർ കത്ത് പ്രകാരം ഇൻസ്റ്റാൾ ചെയ്ത സോളാർ സിസ്റ്റത്തിന്റെ പ്രവർത്തന ക്ഷമത പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകാൻ അനർട്ടിന് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ അനർട്ട് പ്രവർത്തന ക്ഷമത സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ പരാമർശിച്ചിട്ടുള്ള അപാകതകകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 5) വ്യക്തമായ മറുപടി ലഭിച്ചില്ല. അതിനാൽ അധികമായി ചെലവഴിച്ച 70000 രൂപയുടെ ചെലവ് നിരാകരിക്കുന്നു . തുക

ഉത്തരവാദിയായ അസി. സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 സ്ട്രീറ്റ് ലൈറ്റ് വാർഷിക അറ്റകുറ്റപ്പണി - അധികമായി തുക ചെലവഴിച്ചു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 142/20 |
| ചെലവ് | 207800 (തനത് ഫണ്ട്) |
| | വൗച്ചർ നമ്പർ-21900824/30.11.19<br>വൗച്ചർ നമ്പർ-21900965/5.2.20 |

2018-19 വർഷം സ്ട്രീറ്റ് ലൈറ്റ് വാർഷിക അറ്റകുറ്റപ്പണി ക്കായി രൂപീകരിച്ച പ്രോജക്ട് (നമ്പർ 12/19) തൻ വർഷം സ്പില്ലോവറായി തുടർന്നു. സ്ട്രീറ്റ് ലൈറ്റ് വാർഷിക അറ്റകുറ്റപ്പണി നടത്തിയതിന് കരാറുകാരനായ ശ്രീ വി.ഡി ഷാജി , രാജഭവനം എന്നയാൾ 493000 രൂപ 18-19 ൽ ഡിമാന്റ് ചെയ്തിരുന്നു. 2018-19 വർഷം കരാറുകാരന് 292200 രൂപ (197200 + 95000) ആദ്യഗഡു നൽകിയിരുന്നു. 2019-20 വർഷം കരാറുകാരന് 207800 രൂപയും (112800+ 95000) നൽകി. അങ്ങനെ രണ്ട് സാമ്പത്തിക വർഷങ്ങളിലുമായി ആകെ 500000 രൂപ കരാറുകാരന് നൽകി. കരാറുകാരൻ ഡിമാന്റ് ചെയ്ത 493000 രൂപയിൽ അധികമായി 7000 രൂപ ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ ) മറുപടി ലഭ്യമായിട്ടില്ല. അധികമായി ചെലവഴിച്ച 7000 രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -4

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2019-20 | 23.06.21- 24.06.21 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ചതുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 100000 | സമഗ്ര നെൽകൃഷി വികസനം-ജനറൽ | 0 | 100000 |
| | 100000 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്പ്ടോപ്പ് | 100000 | 0 |
| | 50000 | അങ്കണവാടികൾക്ക് പോഷകാഹാര വിതരണം | 50000 | 0 |
| | 1500000 | ലൈഫ് മിഷൻ-രണ്ടാം ഘട്ടം-ജനറൽ | 1000000 | 500000 |
| | 740000 | ലൈഫ് മിഷൻ-രണ്ടാം ഘട്ടം എസ് സിപി | 160000 | 580000 |

| | | | | |
|---|---|---|---|---|
| | 2302225 | ലൈഫ് മിഷൻ രണ്ടാം ഘട്ടം എസ് സി പി | 1093836 | 1208389 |
| | 240000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും | 240000 | 0 |
| ജില്ലാ പഞ്ചായത്ത് | 125000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും | 104800 | 20200 |
| | 3704727 | ലൈഫ് മിഷൻ-രണ്ടാം ഘട്ടം-ജനറല് | 2520000 | 1184727 |
| | 400000 | മാനാപ്പള്ളി പാടശേഖരത്തിൽ മോട്ടർ ഷെഡ് നിർമാണം | 0 | 400000 |
| | 740000 | ലൈഫ് മിഷൻ-രണ്ടാം ഘട്ടം എസ് സിപി | 96200 | 643800 |
| | 705964 | ലൈഫ് മിഷൻ-രണ്ടാം ഘട്ടം എസ് സി പി | 705964 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയും പ്രകാരം ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രൊജക്ട് നം 111/20 | 68580 | - | - |
| | | 75000 | - | - |
| | | 40420 | - | - |
| | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രൊജക്ട്നം. 196/20 | 45000 | - | - |
| | | 45000 | - | - |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലൈഫ് ഭവന പദ്ധതി വായ്പയിനത്തിൽ 17880000/- രൂപ വരവുണ്ട്. മുൻബാക്കി 28317307/- രൂപയടക്കം 46197307/-രൂപയിൽ 2955882/-രൂപ തിരിച്ചടച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം ലഭിച്ച തുക | 2019-20 ൽതിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ബാക്കിയുണ്ടായിരുന്ന തുക | | | |
| ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി | ജി.ഒ(എം.എസ്)നം. 725/2010/ തസ്വഭവ/04.03.2010 | 1453022 | - | 1453022 | 0 |
| ലൈഫ് ഭവന പദ്ധതി | സ ഉ (സാധാ) 359/17/ തസ്വഭവ തീയതി 08.02.17 | 28317307 | 17880000 | 2955882 | 43241425 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻ വർഷം വരവ് ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡികകൾ ഉൾപ്പെട്ടിട്ടില്ല.

## 4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 105104086 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 100304128 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 147700 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2454711 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 1-20(1) | - | 7000 | ശ്രീ.ഹരി ജി.എസ്, സെക്രട്ടറി |
| 1-23(2) | | 63700 | ശ്രീ.പ്രദീപ് എൻ, |

| | | | |
|---|---|---|---|
| | | | അസി.സെക്രട്ടറി |
| 1-23(4) | | 70000 | ” |
| 1-24(1) | | 7000 | ശ്രീ.ഹരി ജി.എസ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23(1) | 432050 | ശ്രീ.പ്രദീപ് എൻ, അസി.സെക്രട്ടറി |
| 1-23(3) | 50000 | ശ്രീ.പ്രദീപ് എൻ, അസി.സെക്രട്ടറി |
| 1-24(2) | 130000 | ശ്രീ.ഹരി ജി.എസ്, സെക്രട്ടറി |
| 1-24(3) | 724000 | ശ്രീ.ഹരി ജി.എസ്, സെക്രട്ടറി |
| 1-25(1) | 219912 | ശ്രീമതി മറ്റം മെറിറ്റ് കുര്യൻ, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 1-25(2) | 249750 | ശ്രീമതി മറ്റം മെറിറ്റ് കുര്യൻ, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 1-26 | 42102 | ശ്രീമതി മിനിമോൾ വർഗ്ഗീസ്, ഹെഡ്മിസ്ട്രസ് |
| 1-27 | 73782 | ശ്രീമതി സുചിത്ര, ഐസിഡിഎസ് സൂപ്പർവൈസർ |
| 1-28 | 507015 | ശ്രീമതി മിനിമോൾ വർഗ്ഗീസ്, ഹെഡ്മിസ്ട്രസ് |
| 1-30 | 26100 | ശ്രീമതി സുചിത്ര, ഐസിഡിഎസ് സൂപ്പർവൈസർ |
| ആകെ | 2454711 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്, ഉദ്യോഗപ്പേര് | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഹരി ജി.എസ്, സെക്രട്ടറി | സെക്രട്ടറി, പാറശ്ശാല ഗ്രാമപഞ്ചായത്ത് | ഹരി ഭവൻ, വിജയമോഹിനി മില്ലിന് സമീപം, എൽ.ഐ.സി.റോഡ്, തിരുമല പി.ഒ, തിരുവനന്തപുരം-695006 |
| ശ്രീ.പ്രദീപ് എൻ, അസി.സെക്രട്ടറി | സെക്രട്ടറി, ശുചിത്വമിഷൻ | കുതിരക്കാട്, പങ്കപ്പാറ പി.ഒ, തിരുവനന്തപുരം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച |
|---|---|
| | |

| വർഷം | ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 98-99 | കെ.എസ്.എ.കെ.റ്റി.എം/പി6/674/16/1.10.2016 |
| 99-00 | കെ.എസ്.എ.കെ.റ്റി.എം/പി6/678/16/25.08.2016 |
| 2000-01 ചെലവ് | എൽ.എഫ്.കെ.പി1/960 അദാ/എഫ്6/11-31.08.11 |
| 2000-01 വരവ് | എൽ.എഫ്.കെ.പി1/960 അദാ/എഫ്.6/11/31.08.11 |
| 02-03 ചെലവ് | കെ.എസ്.എ.കെ.റ്റി.എം/പി6/1002(1)/17/30.12.2017 |
| 2003-04 | കെ.എസ്.എ.കെ.റ്റി.എം/പി6/(അദാ-18)/37(1)2018, 08.01.18 |
| 2004-05 | കെ.എസ്.എ.കെ.റ്റി.എം/പി6/1002(3)/17/30.12.2017 |
| 2005-06 | കെ.എസ്.എ.കെ.റ്റി.എം/പി6/(അദാ-18)/37(2)/2018, 08.01.18 |
| 2006-07 | കെ.എസ്.എ.കെ.റ്റി.എം/പി6/1002(5)/17/28.12.2017 |
| 2007-08 | കെ.എസ്.എ.കെ.റ്റി.എം/പി6/1690(1)/16/04.03.2017 |
| 2009-10 2010-11 | കെ.എസ്.എ.കെ.റ്റി.എം/പി6/1690(2)/17/04.03.2017 |
| 2011-12 | കെ.എസ്.എ.കെ.റ്റി.എം/പി6/(അദാ-18)/37(7)2018, 08.01.18 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി 6/1684/15/23.05.16 |
| 2013-14 & 2014-15 | കെ.എസ്.എ-കെ.ടി.എം.പി6/348/18/20.02.18 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി6/1928/2016/29.05.17 |
| 2016-17 | കെ.എസ്.എ.കെ.റ്റി.എം/പി6/1651/2017/ 27.12.17 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.6/401/2019 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി.6/23/2020/10.02.2020 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്